The Malankara Orthodox Syrian Church
# GREGORIAN VOICE
2010 Nov 1-15
VOL. 1 ISSUE. 11
OFFICIAL ONLINE JOURNAL
E-mail: editor@gregorianvoice.com, Website: www.gregorianvoice.com
Ph: 0479-2312328, 2312202, Mob: 9447277690

## മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ



പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

## ഫുജൈറ പള്ളി ഇനി മുതൽ ഒരു ഗ്രീഗോറിയൻ തീർത്ഥാടന കേന്ദ്രം



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ബാംഗ്ലൂർ ഭദ്രാസനത്തിൽപ്പെട്ട ഫുജൈറ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയം മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിലുള്ള ഗ്രീഗോറിയൻ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാച്ചുകൊണ്ടുള്ള കല്പന പ.കാതോലിക്ക ബാവ നൽകി.

തീർത്ഥാടന കേന്ദ്രം പ്രഖ്യാപിത ചടങ്ങുകൾ നവംബർ നാല്, അഞ്ച് തീയതികളിൽ ദേവാലയത്തിൽ നടത്തി.

# അത്യാഗ്രഹം ജീവിതത്തിന്റെ താളക്രമം തെറ്റിക്കും–പ.ബാവാ

## പരിശുദ്ധ കാതോലിക്കാ ബാവായുമായി അഭിമുഖം

**ലോ**കമെമ്പാടുമുള്ള മലങ്കര ഓർത്തഡോക്സ് സമൂഹത്തിന്റെ 21-ാമത് മലങ്കര മെത്രാപ്പോലീത്തയും 91-ാമത് പൗരസ്ത്യ കാതോലിക്കയുമായി സ്ഥാനമേറ്റ തിരുമേനി പഴയ സെമിനാരിയിലെ ചരിത്ര പ്രധാനമായ മലങ്കര സഭാ ആസ്ഥാനത്തു നടത്തിയ സംഭാഷണം ഒരു മണിക്കൂർ നീണ്ടുനിന്നു. കേരളത്തിലെയും രാജ്യത്തെയും ലോകത്തെയും പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള തന്റെ പദ്ധതികൾ അദ്ദേഹം വിശദമാക്കി.

**എന്താണ് പ്രധാന വെല്ലുവിളിയായി അങ്ങ് കാണുന്നത്?**

കുടുംബമാണല്ലോ സമൂഹത്തിന്റെ അടിത്തറ. കുടുംബ ബന്ധങ്ങൾ ഇന്നു തകർച്ചയിലാണ്. ഇതിന് കാരണം വ്യക്തി കേന്ദ്രീകരണത്തിന്റെ അനന്തര ഫലമാണെന്നു പറയേണ്ടിവരും. ഞാൻ എന്റേത് എന്ന ചിന്ത ശക്തമാകുമ്പോൾ ഭാര്യയും മക്കളും പിന്തള്ളപ്പെടുന്നു. ധനാസക്തി ഏറി വരുമ്പോൾ പരസ്പര സ്നേഹം കുറയുന്നു.

**പണമുണ്ടാക്കുന്നത് പാപമാണോ?**

ഒരിക്കലുമല്ല. പണമുണ്ടാക്കാനും വിനിയോഗിക്കാനും അറിയണം. അത് നേർവഴിക്ക് വിയർപ്പൊഴുക്കി സമ്പാദിക്കുന്നതാകണം. എല്ലാ മൂല്യങ്ങളും വലിച്ചെറിഞ്ഞ് എങ്ങനെയും പണമുണ്ടാക്കാനുള്ള അത്യാഗ്രഹം ജീവിതത്തിന്റെ താളക്രമം തകിടം മറിക്കും. അവിടെയൊക്കെ സമചിത്തതയോടെ കുടുംബത്തിന് മാർഗം തെളിക്കാൻ സ്ത്രീകൾക്ക് കഴിയും.

**സഭയിൽ സ്ത്രീകൾക്കുള്ള പരിഗണനയിൽ മാറ്റം വരുത്തുമോ?**

ശരിയാണ്. സഭയിൽ നൂറ്റാണ്ടുകളായി സ്ത്രീകൾ നേരിടുന്ന അവഗണന മാറ്റിയെടുക്കാൻ ബോധപൂർവ്വമായ ശ്രമം നടന്നുവരുന്നു. മലങ്കര സഭാ നേതൃത്വം സ്ത്രീകളെ പ്രതിനിധി സഭയിലേക്ക് സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷേ പൂർണ്ണമായ വോട്ടവകാശം ഇനിയും നൽകിയിട്ടില്ല. അതിന് ഭരണഘടനാ ഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങൾ വേണ്ടി വരും, അത് പഠിക്കാൻ ഒരു പ്രത്യേക കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

**ഭരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം അംഗീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സഭകൾ അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നത് ശരിയാണോ?**

അല്ലെന്നാണ് എന്റെ വ്യക്തിപരമായ പക്ഷം. അത്തരം നീതി നിഷേധങ്ങൾ മാറ്റിയെടുക്കാനുള്ള പരിശ്രമം സഭ ശക്തമായി തുടരും.

**മദ്യം, മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കാൻ സഭയ്ക്ക് ചുമതലയില്ലേ?**

സമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ ബോധവത്ക്കരണം സഭ നടത്തി വരുന്നുണ്ട്. മാധ്യമങ്ങളുടെ സഹായത്തോടെ അത് ശക്തമാക്കും. മയക്കുമരുന്നിനെതിരെ മടക്കയാത്ര എന്നൊരു ടെലിഫിലിം വിദ്യാർത്ഥികൾക്കായി സഭ തയ്യാറാക്കിയിരിക്കുന്നു.

**സഭകളുടെ സ്ഥാപനവത്ക്കരണം ശക്തിപ്പെടുമ്പോൾ ക്രിസ്തുവിന്റെ ദൗത്യം ദുർബലമാക്കപ്പെടുമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. എന്താണ് അർത്ഥമാക്കുന്നത്?**

വലിയ വലിയ സ്ഥാപനങ്ങൾ കെട്ടിപ്പെടുക്കാനുള്ള അമിതമായ ആവേശത്തിൽ അവശരും ആലംബഹീനരുമായ ആളുകളെ കൈപിടിച്ചു നടത്തണമെന്ന ക്രിസ്തുവിന്റെ ഉപദേശം മറന്നു പോകാനിടയുണ്ട്. മനുഷ്യന് പാർപ്പിടം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കുകയെന്ന മൗലിക മുദ്രാവാക്യവുമായി മുന്നോട്ടു പോകാനാണ് സഭ ഉദ്ദേശിക്കുന്നത്.



**Editorial**

# പൗലോസ് ദ്വിതീയൻ ബാവായും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കര സഭയും

**പ.** പൗലോസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണം മൂലം മലങ്കര സഭയുടെ ആത്മവിശ്വാസം മുൻപെങ്ങുമില്ലാത്തവിധം വർദ്ധിച്ചിരിക്കുകയാണ്. വെറും ഒരു സാധാരണക്കാരനെപ്പോലെ വൈദിക സെമിനാരിയിൽ പഠനം ആരംഭിച്ചയാളായിരുന്നു 1946 ആഗസ്റ്റ് 30ന് ജനിച്ച കുന്നംകുളംകാരൻ കെ.വി.പോൾ എന്ന് സതിർത്ഥ്യരായിരുന്ന വൈദികർ സാക്ഷ്യം പറയുന്നു. എന്നാൽ തികഞ്ഞ ദൈവാശ്രയം മൂലവും വിനയം കൈവിടാത്ത പെരുമാറ്റ രീതികളിലൂടെയും ലഭിച്ച അവസരങ്ങളൊക്കെ തികഞ്ഞ ഉത്തരവാദിത്തബോധത്തോടെ കൈകാര്യം ചെയ്തതിലൂടെയും പരിചയപ്പെട്ടവർക്കൊക്കെ സാധാരണനായിരുന്ന കെ.വി.പോൾ അച്ചനിൽ കുടികൊണ്ടിരുന്ന ദൈവവിളിയുടെ തേജസ്സ് ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ ബോധ്യപ്പെട്ടു. വിദ്യാർത്ഥി പ്രസ്ഥാനനത്തിലെ പ്രവർത്തനശൈലിയും എറണാകുളം സെന്റ് മേരീസ് പള്ളിയിലെ അജപാലന ശുശ്രൂഷയും അച്ചടക്കമുള്ള ജീവിത രീതിയും ചുമതലകളോടുള്ള വിശ്വസ്തതയും ഒക്കെ കാലം ചെയ്ത പ.ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവാ, തിരുമേനിയെ ഹഠാദാകർഷിക്കുകയും 1982ൽ മേല്പട്ടക്കാരനായി വെറും 38 വയസുകാരനായിരുന്ന അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ തിരഞ്ഞെടുക്കുന്നതിൽ അതു നിർണ്ണായകമായിത്തീരുകയും ചെയ്തു. 1985ൽ പുതുതായി രൂപീകരിക്കപ്പെട്ട കുന്നംകുളം ഭദ്രാസനത്തിൽ കാൽ നൂറ്റാണ്ടുകാലം മെത്രാപ്പോലീത്തയായി ശുശ്രൂഷ ചെയ്ത കാലമെല്ലാം മലങ്കരയിലുടനീളം സഭാവിശ്വാസികളുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റുന്നതിൽ പ.പൗലോസ് ദ്വിതീയൻ ബാവാ വിജയിച്ചു എന്നു പറയാം. ഒടുവിലിതാ 2010 നവംബർ ഒന്നാം തീയതി മലങ്കര സഭാ മക്കളുടെ പ്രാർത്ഥനയോടെയും പ.എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പൂർണ്ണ പിന്തുണയോടെയും പ.ദിദിമോസ് പ്രഥമൻ ബാവായുടെ അനുഗ്രഹത്തോടെയും മലങ്കര സഭയുടെ എട്ടാം കാതോലിക്കാ ബാവായായി സ്ഥാനമേറ്റിരിക്കുന്നു. കേവലം 64 വയസ്സു മാത്രമുള്ള പുതിയ ബാവായെ ധാരാളം പ്രതീക്ഷകളോടെയാണ് മലങ്കര മക്കൾ വരവേൽക്കുന്നത്. വളരെയധികം സാദ്ധ്യതകളുള്ള മലങ്കര സഭയെ നയിക്കുന്ന പരിശുദ്ധ പിതാവിൽ നിന്നും ജനങ്ങൾ ആഗ്രഹിക്കുന്നതെന്തൊക്കെയാണ്?

ഒന്നാമത്, യുവത്വം തുളുമ്പി നിൽക്കുന്ന ഒരു സുന്നഹദോസിന്റെ അദ്ധ്യക്ഷനാണദ്ദേഹം. പുതുതായി വാഴിക്കപ്പെട്ട പതിനാലു മെത്രാപ്പോലീത്തന്മാരുടെ വരവോടെ പ.സുന്നഹദോസിന്റെ ശരാശരി പ്രായം വളരെ കുറഞ്ഞിരിക്കുന്നു. മറ്റേതു സഭയുമായും താരതമ്യപ്പെടുത്തുമ്പോൾ മലങ്കര സഭാ പിതാക്കന്മാർ ഇന്ന് ആരോഗ്യം കൊണ്ടും, പഠനം കൊണ്ടും, ജനസമ്മതിമൂലവും മുൻപന്തിയിൽ തന്നെ നിൽക്കുന്നവരാണ്. അവരോടൊപ്പം നിന്ന് നേതൃത്വം കൊടുക്കുന്ന പ.ബാവായ്ക്ക് പല പുതിയ പദ്ധതികളും ആവിഷ്ക്കരിക്കുന്നതിൽ മുൻപെങ്ങുമില്ലാത്ത സാധ്യതകളാണുള്ളത്.

രണ്ടാമത്, ലോകമെങ്ങുമുള്ള മലങ്കര സഭ ചെറിയ ചെറിയ ഭദ്രാസനങ്ങളായി വിഭജിക്കുക വഴി സഭയ്ക്കുള്ളിലുള്ള പ്രവർത്തനങ്ങളിൽ ഓരോ മെത്രാപ്പോലീത്തായ്ക്കും മുൻപത്തെക്കാളുപരി ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നു. ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ സ്വീകരിക്കുന്നതിൽ അവരെ പ്രാപ്തരാക്കുവാനും ഓരോ ഭദ്രാസനവും നവീന രീതികൾ അവലംബിക്കുവാൻ കഴിയും.

മൂന്നാമത്, സഭയുടെ സുവിശേഷീകരണത്തിന് പ്രഥമസ്ഥാനം നൽകുവാൻ പറ്റിയ ഒരവസരമാണിന്ന് സംജാതമായിരിക്കുന്നത്. സുവിശേഷീകരണം എന്നുള്ളതു കൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നുമാത്രം അർത്ഥമാക്കാതെ യേശുക്രിസ്തുവിനെ ഭാരതത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുവാനുള്ള പദ്ധതികൾ ഭാരതത്തിനകത്തുള്ള ഏഴ് ബാഹ്യ കേരള ഭദ്രാസനങ്ങൾ വിചാരിച്ചാൽ നടക്കാവുന്നതേയുള്ളു.

പുതിയ ബാവാ തിരുമേനിയുടെ കാലം മലങ്കര സഭയുടെ യശ്ശസ്സ് വർദ്ധിക്കട്ടെ. ഭാരതത്തിലെ സാധാരണ പൗരന് ഇരുപതു നൂറ്റാണ്ട് ചരിത്രമുള്ള ഈ സഭയുടെ ശുശ്രൂഷ സഹായകമായി തീരട്ടെ. പ.പൗലോസ് ദ്വിതീയൻ ബാവായ്ക്ക് ഗ്രീഗോറിയൻ വോയ്സിന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു.

**ഫാ. ഡോ. റജി മാത്യു**
*(ചീഫ് എഡിറ്റർ)*


## EDITORIAL BOARD

**PRESIDENT**
**H.H. Baselios Marthoma Paulose II**
*Catholicos of the East*

**VICE - PRESIDENTS**
**Dr. Yuhanon Mar Chrisostomos**
**Dr. Zacharia Mar Aprem**

**CHIEF EDITOR**
**Fr. Dr. Reji Mathews**

**MANAGING EDITOR**
**Fr. M.D. Yuhanon Ramban**

**EDITORS**
**Fr. Yuhanon John *(Head Quarters)***
**Asish Punnoose *(Outside India)***

**SUB EDITORS**
**Fr. E.M. Philip**
**Dr. Siby Tharakan**
**Jacob Oommen**

**MEMBERS**
**Fr. Alexander Abraham**
**Fr. P.A. Philip**
**Fr. Thomas Amayil**
**Thomas Kuruvila**
**Dr. Saramma Varghese**
**Priya Jacob**
**Adv. Jaicy Karingattil**


### പുതിയ പ്രൊഫഷണൽ കോളേജുകൾക്ക് ശ്രമിക്കില്ലെന്നാണോ?

എന്നല്ല സഭാംഗങ്ങളുടെയും കേരളീയരുടെയും ആവശ്യങ്ങൾ മനസ്സിലാക്കി അതിനുതകുന്ന സ്ഥാപനങ്ങൾ നേടിയെടുക്കാൻ ശ്രമിക്കും. കേരളത്തിലെ പല എൻജിനിയറിംഗ് കോളേജുകളിലും ആവശ്യത്തിന് കുട്ടികളെ കിട്ടാത്ത അവസ്ഥ ഏവരും കാണേണ്ടതല്ലേ.

### ആധുനിക സമൂഹത്തിന്റെ ഉത്കണ്ഠകൾ സഭ എങ്ങനെയാണ് പങ്കുവെയ്ക്കുന്നത്?

ആഗോളവത്ക്കരണം പല പ്രശ്നങ്ങളും നമ്മുടെ മുന്നിൽ എത്തിച്ചിട്ടുണ്ട്. അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സഭ മുന്നോട്ടിറങ്ങും. പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു പ്രത്യേക കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അനന്തമായ കഴിവുള്ളവരാണ് ഏവരും. നാം ഉപയോഗിക്കാറില്ലെന്നു മാത്രം. ആ കഴിവുകൾകൂടി ഉപയോഗപ്പെടുത്താനാണ് സഭ ഉദ്ദേശിക്കുന്നത്.

കുന്നംകുളത്ത് സ്കൂൾ വിദ്യാഭ്യാസവും തൃശൂർ സെന്റ് തോമസിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദവും കോട്ടയം സി.എം.എസിൽ നിന്ന് സോഷ്യാളജിയിൽ എം.എ.യും നേടിയ ഈ അറുപത്തിനാലുകാരൻ ഇന്നും ഒരു വിദ്യാർത്ഥിയുടെ ആവേശത്തോടെ സമസ്ത വിഷയങ്ങളെയും സമീപിക്കുന്നു. ഈ യുവത്വം ഓർത്തഡോക്സ് സഭയുടെ ചൈതന്യമാകും.

ഏഷ്യയിലെ തന്നെ ഏറ്റവും പഴക്കമുള്ള വൈദിക സെമിനാരിയാണ് കോട്ടയം പഴയ സെമിനാരി. 2015ൽ സെമിനാരി 200-ാം വാർഷികം ആഘോഷിക്കുകയാണ്. 2012ൽ കാതോലിക്കേറ്റ് 100 വർഷം തികയുന്നു. ഈ രണ്ട് ആഘോഷങ്ങളും കേരളീയ സമൂഹത്തിൽ പുതിയൊരു അവബോധം സൃഷ്ടിക്കാനുള്ള അവസരമൊരുക്കി മാറ്റുകയെന്നത് പുതിയ ബാവായുടെ മുഖ്യ അജണ്ടയിൽ വരുന്നു.

**കടപ്പാട്: കേരള കൗമുദി**

# പൗരസ്ത്യ ആദ്ധ്യാത്മികതയുടെ മൗലിക പ്രമാണങ്ങൾ



ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്

*പൗരസ്ത്യ ആദ്ധ്യാത്മികത സമകാലിക ഉണർവ് യോഗങ്ങളെപ്പോലെ ഉന്മാദവാഹിയല്ല. മറിച്ച് നിത്യമായ സ്വർഗ്ഗീയ ആനന്ദത്തിന്റെ ഒരു മഹത്തായ പാഠം പഠിപ്പിക്കുന്നു. വിഭാഗീയതയുടെ മോചനം. സന്യാസ നിശബ്ദത, അതിഥി പരിചരണം ആദിയായ അദ്ധ്യായങ്ങൾ പൗരസ്ത്യ ആദ്ധ്യാത്മികതയിൽ നിറഞ്ഞ് നിൽക്കുനന്നു*

ആദ്ധ്യാത്മികത പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവിനോടൊപ്പവുമുള്ള സഹവാസമാണ്. അനുതാപം, പ്രാർത്ഥന, നോമ്പ്, കൗദാശിക ജീവിതം എന്നിവയിലൂടെ പാപത്തിനെതിരേയുള്ള പോരാട്ടമാണ്. പൗലോസ് ശ്ലീഹാ പറയുന്നത് ആത്മാവിനെ അനുസരിച്ചു നടപ്പിൻ... ജഢാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഢത്തിനും വിരോധമായിരിക്കുന്നു. ആത്മാവിനെ അനുസരിച്ച് നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൽ കീഴിലുള്ളവരല്ല. ജഢത്തിന്റെ പ്രവർത്തികളോ ദുർനടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ വെളിവാക്കുന്നു. ഈ വക പ്രവർത്തിക്കുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല... ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം.. എന്നിവ യേശുക്രിസ്തുവിനുള്ളവർ ജഢത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു എന്നാണ്.

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെ നിർവചിക്കാൻ ക്രിസ്തുവിലുള്ള ജീവിതം ആത്മാവിലുള്ള ജീവിതം, ആത്മികജീവിതം, ദൈവീക ജീവിതം ആദിയായ പദങ്ങൾ പൗരസ്ത്യ പാരമ്പര്യത്തിൽ ഉപയോഗിക്കുന്നുണ്ട്.

**പൗരസ്ത്യ ആദ്ധ്യാത്മികതയും ലക്ഷ്യങ്ങളും**

പൗരസ്ത്യ ആദ്ധ്യാത്മികത അവതരിപ്പിക്കുന്നത് വികാരങ്ങളെ തൃണവത്ഗണിച്ചും നന്മയിൽ വിജയിച്ചും അനുക്രമമായി ഒരു ക്രിസ്ത്യാനി നേടുന്ന പൂർണ്ണതയാണ്. വികാരങ്ങളെ അതിജീവിച്ച് നന്മയുടെ വ്യത്യസ്ത തലങ്ങളെ നേടുന്നതാണ് ആത്മീയതയുടെ മാനറിസം. ഇവിടെ മനുഷ്യൻ ഒരു നിയതമായ ക്രിസ്തീയ പൂർണ്ണതയിലെത്തുകയും സ്നേഹത്തിന്റെ ഔന്നത്യം കൈവരിക്കുകയും ചെയ്യുന്നു. ഇതാണ് നമസ്ത വികാരങ്ങളെയും അതിജീവിച്ച് സർവ്വനന്മയും നേടുന്ന അവസ്ഥ. മനുഷ്യൻ ഈ കൊടുമുടി കയറുമ്പോൾ അറിയാതെ ക്രിസ്വിലേക്ക് ചരിക്കുകയും ക്രിസ്തു പാഠങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഇതിനെ ദൈവീകരണം (Deification) എന്ന് നിർവചിക്കുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ലക്ഷ്യം വിശ്വാസിയുടെ ക്രിസ്തുവിലുള്ള പൂർണ്ണത ആണ്. ദൈവം അനാദ്യന്തനാകയാൽ ക്രിസ്തുവിലുള്ള ജീവിത ലക്ഷ്യത്തിനും പുരോഗതിക്കും ആദിയോ അന്തമോ ഇല്ല. പൗരസ്ത്യ പിതാക്കന്മാർ പൂർണ്ണത അനന്തം ആണെന്ന് പറയുന്നുണ്ട്. പൂർണ്ണതയ്ക്ക് അന്തം ഉണ്ടെങ്കിൽ തിന്മയാകും. പൂർണ്ണത, ലക്ഷ്യം മാത്രമല്ല അനന്തമായ പ്രതിഭാസം കൂടിയാണ്. ഈ പ്രതിഭാസത്തിൽ രണ്ട് പടവുകൾ വിശിഷ്ടമാണ്. ഒന്ന്, വികാരങ്ങളെ വിശുദ്ധീകരിച്ച് നന്മയെ നേടുന്ന പൂർണ്ണതയിലേക്കുള്ള പ്രയാണം. മറ്റൊന്ന്, ദൈവവുമായി ചേരുന്നതിനുള്ള ചലനമാണ്. ഈ സമയത്ത് മാനുഷികമായത് ദൈവത്താൽ മാറ്റപ്പെടുന്നു. മനുഷ്യർ അതിമഹത്തായി ദൈവീക ജീവിതവുമായി കൂടിച്ചേരുന്നു. പൗരസ്ത്യ ആദ്ധ്യാത്മികതയെ ചുരുക്കത്തിൽ ഇങ്ങനെ നിർവചിക്കാം.

1 ആത്മാവ് ദൈവത്തോട് ചേരുന്നതാണ് ആത്മീക ജീവിതത്തിന്റെ ഉന്നതി.
2. ഈ അവസ്ഥ യാഥാർത്ഥ്യമാകുന്നത് പരിശുദ്ധാത്മ പ്രവർത്തനത്തിലാണ്. എന്നാൽ ഈ അവസ്ഥയെ കൈവരിക്കുന്നതുവരെ മനുഷ്യൻ നിരന്തരമായ ശുദ്ധീകരണാവസ്ഥയിലാകുന്നു.
3. മനുഷ്യൻ ദൈവസാദൃശ്യത്തിലെത്തുമ്പോഴാണ് ഈ അവസ്ഥ സാദ്ധ്യമാകുന്നത്.
4. മനുഷ്യനിലെ ആത്മീക ഊർജ്ജ തീവ്രതയാണ് ഈ യൂണിയന്റെ സ്വാധീനം.

പൗരസ്ത്യസഭകൾ ദൈവീകരണം എന്ന പദം ഉപയോഗിക്കുന്നത് ദൈവത്തോട് കൂടിച്ചേരുന്നതിനെ സൂചിപ്പിക്കാനാണ്. മനുഷ്യനും ദൈവവും ഒന്നാണ് എന്ന് ഇതിനർത്ഥമില്ല. ദൈവീക കൃപയിലൂടെ ദൈവവുമായി കൂടിച്ചേരുന്നു ദൈവീകദർശനം സാദ്ധ്യമാക്കുന്നു, അവന്റെ ഭാഗഭാഗിത്വമായി മാറുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

**പൗരസ്ത്യ ആദ്ധ്യാത്മികതയും ഈ ലോകവും**

പൗരസ്ത്യ ആദ്ധ്യാത്മികത ജീവിത വ്യത്യസ്തതയുടെയോ ജീവിത ബന്ധങ്ങളിൽ നിന്നുള്ള വിമുഖതയുടേയോ അപൂർണ്ണമായ യുഗാന്ത്യത്തിന്റെയോ അനുഭവമല്ല. സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നത് മനുഷ്യൻ ദൈവവുമായി രഹസ്യാത്മക ബന്ധത്തിന്റെ പൂർണ്ണതയിലെത്താൻ സമസൃഷ്ടിയുമായി താദാത്മ്യപ്പെടണം എന്നാണ്. പൂർണ്ണത നേടാൻ വ്യത്യസ്ത മണ്ഡലങ്ങളിൽ നിൽക്കുന്ന ദൈവകൃപയും മനുഷ്യതാല്പര്യവും അനിവാര്യ ശക്തികളാണ്. ഇതിനെ എതിർക്കുന്ന പഠിപ്പിക്കലുകളെ സഭയും നിശിതമായി വിമർശിക്കുന്നു. ദൈവവുമായുള്ള യോഗാത്മക ബന്ധം മനുഷ്യനെ നന്മയുടെ ഉന്നതയിലേക്കും പൂർണ്ണതയിലേക്കും നയിക്കുന്നു.

ക്രിസ്തീയ പൂർണ്ണത കൈവരിക്കാൻ ഈ ലോകത്തെയോ, അതിന്റെ പ്രവൃത്തികളെയോ ബഹിഷ്ക്കരിക്കുക എന്നുള്ളതല്ല, മറിച്ച് നന്മയുടെ പൂർണ്ണത കൈവരിക്കുക എന്നുള്ളതാണ്. എന്നാൽ പൂർണ്ണത കൈവരിക്കാനുള്ള സാദ്ധ്യതയുണ്ട്. പ്രകൃതിയെ പരിപാലിക്കുമ്പോൾ ക്ഷമയും നന്മയും സ്വീകരിക്കുമ്പോൾ, ആത്മനിയന്ത്രണം കൈവരിക്കുമ്പോൾ, അയൽക്കാരനെ സ്നേഹിക്കുമ്പോൾ, ദൈവവിശ്വാസത്തിൽ ജീവിക്കുമ്പോൾ, ദൈവീക തത്വങ്ങളിലേക്ക് കണ്ണ് തുറക്കുമ്പോൾ ഒക്കെ ഈ സാദ്ധ്യത കൈവരിക്കാം. ക്രിസ്തീയ ജീവിത പോരാട്ടത്തിന് കാരണമാകുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിൽ നിന്നുപോലും കുതറിയോടാതെ അതിൽത്തന്നെ ഉറച്ച് നില്ക്കണം. സ്വയം രൂപപ്പെടലിന്റെ അനിവാര്യത അപ്പാടെ സമസൃഷ്ടിയോടും കാട്ടുമ്പോൾ നന്മകളാൽ നാം നമ്മെത്തന്നെ സൗന്ദര്യമുള്ളവരാക്കുന്നു. ഇത് ലോകത്തിൽ നിന്നുള്ള ഒരു മാറ്റമായി പരിഗണിക്കരുത്.

ഒരുവൻ ആദ്ധ്യാത്മിക ജീവിതത്തിന്റെ കൊടുമുടി കയറുന്നത് ധ്യാനത്തിലൂടെയാണ്. അയാൾ ധ്യാനജീവിതത്തിന്റെ ആകർഷണീയത കൊണ്ടും സമസൃഷ്ടിയെ തന്നെപ്പോലെയാക്കി ലോകത്തിന്റെ പുരോഗതിക്ക് ചുക്കാൻ പിടിക്കുന്നു. ഇത് സാദ്ധ്യമാകുന്നത് കല്പനകളുടെ നിറവേറ്റലിലൂടെയും നന്മപ്രവൃത്തികളിലൂടെയുമാണ്. പൂർണ്ണത സ്വായത്തമാക്കിയ മനുഷ്യൻ സമസൃഷ്ടിയിൽ സ്വാധീനം ചെലുത്തി അവരെ യഥാർത്ഥ ലക്ഷ്യത്തിലെത്തിക്കുന്നു. കാരണം, നന്മയുടെ കാതലായ സ്നേഹത്തിലാണ് ആത്മീയ മനുഷ്യൻ ജീവിക്കുന്നതും പോരാടുന്നതും. സ്നേഹത്തിൽ തന്നെ ജ്ഞാനമുണ്ട്. മനുഷ്യ സ്നേഹത്തിൽ നിന്നകറ്റാവുന്ന ഒന്നല്ല ദൈവസ്നേഹം.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം ത്രിത്വവും, മുഖമുദ്ര സ്നേഹവുമാണ്.

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം വി.ത്രിത്വത്തിന്റെയും മനുഷ്യാവതാരത്തിന്റെയും രഹസ്യമാണ്. പൗരസ്ത്യ ആദ്ധ്യാത്മികതയിൽ മനുഷ്യവതാരം ചെയ്തവനും സ്നേഹത്തിന്റെ പ്രസാരകനുമായ ഒരു ദൈവമുണ്ട്. അവൻ മനുഷ്യനെ സംഭ്രമിപ്പിക്കുന്നവനല്ല, അനുമോദിക്കുകയും സ്നേഹത്തിന്റെ നിത്യതയിലേക്ക് ഉയർത്തുകയും ചെയ്യുന്നവനാണ്.

സ്നേഹത്തിന്റെ പരമശക്തിയായ ഈ ദൈവം ഒരു വ്യക്തി മാത്രമല്ല, പൂർണ്ണ സംയോജിപ്പുള്ള വ്യക്തിത്വങ്ങളുടെ ഒരു സമൂഹമാണ്. വി.വേദപുസ്തകത്തിലെ ദൈവം പരി.പിതാവും/പരി. റൂഹായും/പരി. പുത്രനും ആയവൻ ലഘൂകരിക്കാനാവാത്ത തരത്തിൽ വി.ത്രിത്വമായും ഏകമായും സ്ഥിതിചെയ്യുന്നു.

ആത്മീകതയുടെ ത്രിത്വാടിസ്ഥാനം പരിശോധിക്കുമ്പോൾ നിത്യസ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന പിതാവ്, പുത്രൻ, പരി.റൂഹാ എന്നീ പരമ വ്യക്തിത്വങ്ങളുടെ പ്രതിഫലനമാണെന്ന് ദർശിക്കാം. നമ്മുടെ സ്നേഹദാഹം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പിതാവ് സ്നേഹം വ്യാപരിപ്പിക്കാനാഗ്രഹിക്കുന്നത് പിതൃസ്നേഹ രൂപത്തിലാണ്, ജഢാവതാരം ചെയ്ത പുത്രനിലൂടെ നാം സ്വീകരിക്കുന്നത് പിതാവിനെയാണ്, പിതാവ് പുത്രനിലൂടെ സമസ്ത ലോകത്തെയും സ്നേഹിക്കുന്നു. കാരണം പുത്രനെ മനുഷ്യ പുത്രനായാണ് ലോകത്തിലേക്കയച്ചത്. പുത്രൻ മനുഷ്യനെ സ്നേഹിക്കുന്നത് ഉത്തമ സഹോദരങ്ങളെപ്പോലെയാണ്. പിതാവിന്റെയും പുത്രന്റെയും സ്നേഹം വ്യത്യസ്തമല്ല. പുത്രന്റെ സഹോദര സ്നേഹം പിതാവിന്റെ സ്നേഹത്തെയും പുത്രന് പിതാവിനോടുള്ള സ്നേഹത്തെയും പൂർത്തീകരിക്കുന്നു.

പുത്രനെ ലോകത്തിലേക്ക് അയച്ചതിലൂടെ പിതാവ് നമ്മെ സ്നേഹിച്ച് വാത്സല്യമക്കളായി പരിഗണിക്കുന്നു. ഈ പിതൃസ്നേഹം മനുഷ്യന് ലഭിക്കുന്നത് പരി.റൂഹായുടെ ആവസിപ്പ് വഴിയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനാൽ പരി.ആത്മാവ് വ്യാപരിക്കുന്നതിലൂടെ ദൈവത്തിന് നമ്മോടുള്ള സ്നേഹവും നമുക്ക് ദൈവത്തോടുള്ള സ്നേഹവും വ്യാപരിക്കുന്നു. സൃഷ്ടിക്ക് പരി.റൂഹാ നല്കുന്നത് ത്രിത്വാധിഷ്ഠിത ജീവിതവും സ്നേഹവുമാണ്. പരി. റൂഹാ നമ്മെ ദൈവീകരണത്തിലേക്ക് നയിക്കുന്നു. വി.കുർബ്ബാനയിലെ പരിശുദ്ധാത്മാവാസം അപ്പവീഞ്ഞുകളെ തിരുശരീര രക്തങ്ങളാക്കി മാറ്റുക മാത്രമല്ല, ദൈവീക ജീവിതം സൃഷ്ടിക്ക് പ്രദാനം ചെയ്യുക കൂടിയാണ്. ഇതുകൊണ്ട് തന്നെയാണ് സഭയിലെ എല്ലാ കൂദാശകളിലും പരിശുദ്ധാത്മ ആവസിപ്പ് നടത്തുന്നതും. പരിശുദ്ധാത്മാവ് ദൈവീക ലോകത്തേക്ക് ഉയർത്തുന്നു. അഥവാ ദൈവീക ലോകം നന്മയിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇതാണ് ആത്മീകതയുടെ യഥാർത്ഥ ലക്ഷ്യം.

**പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ആത്മാവ്**

പൗരസ്ത്യ ആദ്ധ്യാത്മികത നന്മയുടെ പ്രയോ

ഗം, പ്രാർത്ഥനയുടെ വരം എന്നിവയാണ്. പ്രാർത്ഥനയ്ക്കതീതമായ ഒരു കർമ്മവുമില്ല. സഭ അനുശാസിക്കുന്ന കാനോനിക പ്രാർത്ഥനകളും (7 യാമങ്ങൾ) കൂടാതെ വ്യക്തിപരമായ പ്രാർത്ഥനകളും ഇന്ന് പ്രയോഗത്തിലുണ്ട്. പ്രാർത്ഥനയിലൂടെ മനുഷ്യൻ ജ്വലിക്കുകയും പ്രാർത്ഥനയെ ആത്മീക ജീവിതത്തിന്റെ അളവുകോലായി പരിഗണിക്കുകയും ചെയ്യുന്നു. വി.ദിവന്നാസ്യോസ് ആത്മീക ജീവിതത്തെ ശുദ്ധീകരണം, പ്രകാശീകരണം, ദൈവീകരണം എന്ന് മൂന്ന് അവസ്ഥകളിൽ വ്യക്തമാക്കുന്നു. ഈ മൂന്ന് അവസ്ഥകളെ നന്മയുടെ പ്രയോഗം, പ്രകൃതിധ്യാനം, ദൈവികചിന്തനം എന്നീ അവസ്ഥകളിൽ പരിഗണിക്കാവുന്നതാണ്. അനുതാപത്തിൽ നിന്നാണ് നന്മയുടെ പരിശീലനം ആരംഭിക്കുന്നത്. വി.മാമോദീസ സ്വീകരിച്ച ക്രിസ്ത്യാനി വൈകാരിക അടിമത്വത്തിൽ നിന്ന് രക്ഷപെടാൻ ദൈവസഹായത്താൽ പോരാടുന്നു. കല്പനകളെ പ്രമാണിച്ച് ഹൃദയ വിശുദ്ധി നേടി പ്രഥമാവസ്ഥ കൈവരിക്കുന്നു. ഇതിനെ ശുദ്ധീകരണം എന്ന് വിളിക്കുന്നു. രണ്ടാമത്തെ അവസ്ഥയായ പ്രകൃതി ധ്യാനത്തിൽ സമസൃഷ്ടിയെ ദർശിക്കുകയും സർവ്വസൃഷ്ടിയിലും ദൈവീക സാന്നിദ്ധ്യം കുടികൊള്ളുന്നു എന്ന് മനസ്സിലാക്കി സഹജീവികളെ ആദരിക്കുകയും ചെയ്യുന്നു. ഇത് മൂന്നാമത്തെ അവസ്ഥയിലെത്തിക്കുന്നു. സർവ്വത്തിനും അതീതനായ ദൈവത്തെ ധ്യാനിക്കുന്നതിനും ദർശിക്കുന്നതിനും ഇടയാക്കുന്നു. ദൈവമഹത്വത്തിന്റെ പൂർണ്ണദർശനം വരുവാനുള്ളതെങ്കിലും ഇന്നും ദൈവമഹത്വം ദർശനീയമാണ്. സഭയിലെ വിശുദ്ധന്മാർ ഈ ആദ്യഫലത്തിന്റെ വിളവെടുപ്പ് അനുഭവിച്ചവരാണ്.

പ്രഥമാവസ്ഥ അഥവാ ശുദ്ധീകരണത്തെ പ്രവർത്തനജീവിതം എന്നും രണ്ടും മൂന്നും അവസ്ഥകളായ പ്രകാശീകരണം, ദൈവീകരണം എന്നിവയെ ധ്യാനജീവിതം എന്നും വിളിക്കാറുണ്ട്. പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ട മറ്റൊരു വസ്തുത ഒരു സാമൂഹ്യ പ്രവർത്തകനോ കുടുംബാംഗമോ മിഷനറിയോ മാത്രമല്ല പ്രവർത്തനജീവിതം നയിക്കുന്നത്. ഒരു സന്യാസിയും വൈകാരിക ജീവിതത്തെ അതിജീവിച്ച് നന്മയിൽ വളരാൻ പ്രവർത്തിക്കണം. അതുപോലെ ധ്യാനജീവിതം സന്യാസികൾക്കോ, ഏകാന്തവാസികൾക്കോ മാത്രമല്ല, ഏതൊരു സാധാരണ മനുഷ്യനും അത് അനുഷ്ഠിക്കാവുന്നതാണ്. പരിപൂർണ്ണ ആന്തരിക നിശബ്ദതയിൽ ഹൃദയവിശുദ്ധി നേടി ഒരു പൂർണ്ണ അർത്ഥത്തിൽ ധ്യാനജീവിതം കൈവരിക്കണം.

ചില അനുമാനങ്ങൾ

1. പൗരസ്ത്യ പാരമ്പര്യം സഭാ വിശ്വാസികളിൽ ഉറപ്പിക്കേണ്ടതുണ്ട്. ക്രിസ്തുവിനെയും സഭയേയും തിരസ്ക്കരിക്കുന്ന ചില കൂട്ടരുണ്ട്. രക്ഷ അവർക്ക് അവ്യക്തമായ ധാരണയുടേതാണ്. എന്നാൽ ഒരു സഭാ വിശ്വാസിക്ക് മരുഭൂമിയിലെ ഏകാന്തതയുടെ ഏകാന്തതയ്ക്കുള്ളിലും ഒരു നല്ല പട്ടണത്തിന്റെ ശില്പിയാകാം. അതായത് സന്യാസജീവിതം എന്നാൽ സാമൂഹികവും മതപരവുമെന്ന് വിവക്ഷ. ക്രിസ്ത്യാനിയെന്നാൽ സഹോദരങ്ങളുള്ളവൻ, കുടുംബമുള്ളവൻ. ഈ കുടുംബമാണ് സഭ.

2. ആത്മീക ജീവിതം സഭാ ജീവിതം മാത്രമല്ല, കൗദാശിക ജീവിതം കൂടിയാണ്. കൂദാശ ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിന് രൂപം നല്കുന്നു. കൂദാശകളിൽ, പ്രത്യേകിച്ച് വി.കുർബ്ബാനയിൽ, കേന്ദ്രീകൃതമായ സംഘടിത ആരാധനയുടെ നിറമാണുള്ളത്. തിരുശരീര രക്തങ്ങളുടെ ആഘോഷമാണ്. ക്രിസ്തീയ ജീവിതത്തെ പൂർണ്ണതയിലേക്ക് ചലിപ്പിക്കുന്നതാണ്.

3. ആത്മീക ജീവിതം സുവിശേഷത്തിന്റേതാണ്. ഓരോ പാത മുന്നേറുമ്പോഴും വഴികാട്ടിയായി വേദവചനങ്ങളിലെ ദൈവശബ്ദത്തിന് നാം കാതോർക്കുകയാണ്. ദൈവ വചനത്തിൽ നിന്നാർജ്ജിച്ച പ്രചോദനവുമായി സഹോദരസൃഷ്ടിയുടെ മുമ്പിൽ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിനായി നാം ശ്രമിക്കുന്നു. പ്രാർത്ഥനയിലൂടെ, ഉപവാസത്തിലൂടെ, ദാനധർമ്മങ്ങളിലൂടെ ക്രിസ്തു സാക്ഷ്യവും സുവിശേഷ പ്രസരണവും നമ്മിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. ഉപവാസം, വിശുദ്ധീകരണം, ദാനധർമ്മങ്ങൾ എന്നിവ ദൈവീകകൃപയുടെ വിപുലതയാകുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ത്രിത്വവിശ്വാസത്തേയും ക്രിസ്തു വിജ്ഞാനീയത്തേയും സഭാ-കൗദാശിക ജീവിത സംഭവങ്ങളേയും അനാവരണം ചെയ്യുന്നതാണ് ഈ അനുമാനങ്ങൾ.

# വിശ്വാസ പഠനത്തിന്റെ ശരിയായ രീതിശാസ്ത്രമെന്ത്?



ഫാ.ഡോ.മാത്യു വൈദ്യൻ കോർ–എപ്പിസ്കോപ്പ

പഠനം സ്വന്തം പാണ്ഡിത്യം കാണിക്കാനാകരുത്. വ്യക്തിഗതമായ പുകഴ്ചയ്ക്കുമാകരുത്. ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്കുതകണം. അതായത് സഭയുടെ കെട്ടുപണിക്കും പുകഴ്ചയ്ക്കുമാകണം. നമ്മുടെ അന്വേഷണങ്ങൾ, അറിവ്, പഠനം, വ്യാഖ്യാനങ്ങൾ, ഗ്രന്ഥരചന, പ്രഭാഷണം എല്ലാറ്റിന്റെയും പിന്നിലെ ലക്ഷ്യം സഭയുടെ പുകഴ്ച, ദൈവമഹത്വം എന്നിവ തന്നെയാകണം. 1 കൊരി 14:5; എഫേ. 4:11-13.

ദൈവത്തെ സംബന്ധിച്ച വിഷയങ്ങൾ ഭൗതികശാസ്ത്രങ്ങൾ കൈകാര്യം ചെയ്യുന്ന ലാഘവത്തോടെ എടുക്കരുത്. നമ്മുടെ ദർശനത്തിനും കാഴ്ചയ്ക്കും ഗ്രാഹ്യത്തിനും വ്യാഖ്യാനത്തിനും വിശദീകരണത്തിനുമതീതമാണ് അവ. പൂർണ്ണമായി ഈ വിഷയങ്ങൾ നമുക്ക് ഗ്രഹിക്കണമെങ്കിൽ നാം ദൈവമായിത്തീരണം. എത്ര അറിവ് സമ്പാദിച്ചാലും വീണ്ടും ഗ്രഹിക്കാനുണ്ടാകും.

ക്രിസ്തീയ പ്രമാണങ്ങൾ കൈമാറി ലഭിച്ചിരിക്കുന്നത് എല്ലാം ലിഖിതമായിട്ടല്ല. വാമൊഴിയും വരമൊഴിയും വഴിയാണ് സഭയുടെ പാരമ്പര്യങ്ങൾ കൈമാറി ലഭിച്ചിരിക്കുന്നത്. സഭയുടെ പാരമ്പര്യത്തിന്റെ ഒരു പ്രധാന ഭാഗവും അടിസ്ഥാന ഘടകവുമാണ് ലിഖിതമായി കിട്ടിയ വി.വേദപുസ്തകം. അപ്പോസ്തോലന്മാർ സ്ഥാപിച്ച സഭകളിൽ ആചാരങ്ങളായും അനുഷ്ഠാനങ്ങളായും മറ്റും ഈ പാരമ്പര്യങ്ങൾ നിലവിലിരുന്നു. അവ കൈമാറ്റപ്പെട്ടു.

സത്യത്തെ അനാവരണം ചെയ്യാൻ നാം ഉപയോഗിക്കുന്ന ഭാഷയ്ക്ക് പരിമിതികളുണ്ട്. എല്ലാവിധ ഭാഷാപ്രയോഗങ്ങൾക്കുമപ്പുറത്താണ് സത്യം. നമ്മുടെ സംസ്കാരത്തിൽ നിന്നും നമുക്കു ലഭിച്ച ഭാഷയുടെ പരിമിതി നാം ഗ്രഹിക്കണം. ചിന്തിക്കുന്നതും അറിയുന്നതുമെല്ലാം ഭാഷവഴി പ്രകടിപ്പിക്കാനൊക്കുകയില്ല എന്നു സമ്മതിക്കണം.

എല്ലാം അറിഞ്ഞിട്ടേ വിശ്വസിക്കുകയുള്ളു എന്ന ശാഠ്യം ശരിയല്ല. നാം ചില കാര്യങ്ങൾ വിശ്വസിക്കുകയും അവ അറിയാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. ദൈവശാസ്ത്ര സംബന്ധമായി ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു എന്നു പറയുന്നത് ഞങ്ങൾ ആരാധിക്കുന്നതിനെ അറിയാൻ ശ്രമിക്കുന്നു, അറിവിൽ വളരുന്നു എന്ന അർത്ഥത്തിലാണ്. വിശ്വാസം ഇവിടെ ആശിക്കുന്നതിന്റെ നിശ്ചയമായിത്തീരുന്നു.

മുൻവിധികൾ നമ്മുടെ പഠനത്തെയും സമീപനത്തെയും സ്വാധീനിച്ചേക്കാം. ജീവിക്കുന്ന സാഹചര്യം, ഇടപെടുന്ന സമൂഹത്തിന്റെ ചിന്താധാരകൾ, വളർത്തപ്പെട്ട അന്തരീക്ഷം, വ്യക്തിപരമായ ചില താല്പര്യങ്ങൾ ഇവ പല വിഷയങ്ങളോടും മുൻവിധി വച്ചുപുലർത്തുന്നതിന് നമ്മെ പ്രേരിപ്പിച്ചേക്കാം.

മുൻവിധികൾ അറിവ് എന്നതല്ല പ്രധാനം. അനുഭവവും രൂപാന്തരവുമാണ് മുഖ്യം. അറിയുക എന്നതിനേക്കാൾ ആയിത്തീരുക എന്നതിനു മുൻഗണന കൊടുക്കണം. പാണ്ഡിത്യമല്ല ജീവിതമാണ് പ്രധാനം. അറിവ് നമ്മെ ചീർപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. അറിവുള്ളവർക്ക് അത് ഭവിക്കുകയില്ല. പ്രത്യേകിച്ച് അക്കാദമിക് ഡിഗ്രികൾ സമ്പാദിക്കുന്നതിനുവേണ്ടിയുള്ള അറിവിൽ ധാരാളം അപകടങ്ങൾ പതിയിരിപ്പുണ്ട്. അക്കാദമിക് വൈദഗ്ദ്ധ്യത്തെ മെരുക്കിയെടുക്കണം. അനുഷ്ഠാന പാതയെ നിർണ്ണലീകരിക്കണം.

ക്രിസ്തീയ സഭയുടെ ആരാധന പശ്ചാത്തലത്തിലാണ് പുതിയ നിയമ പുസ്തകങ്ങൾ രചിക്കപ്പെട്ടത്. അതുകൊണ്ട് ആരാധിക്കുന്ന ചക്രവാളത്തിലേക്കിറങ്ങിച്ചെന്നു ജീവിച്ചെങ്കിൽ മാത്രമേ ആ രചനകളുടെ ആഴവും പരപ്പും മനസ്സിലാക്കാൻ സാധിക്കൂ. കരയ്ക്ക് ഇരുന്നാൽ കക്ക കിട്ടും. ആഴത്തിലിറങ്ങിയാൽ മുത്തു കിട്ടും.

വാക്കുകളും സംഭാഷണ ശകലങ്ങളും പഠനവും പോലെ തന്നെ പ്രധാനപ്പെട്ടതാണ് നിശ്ശബ്ദതയും. സത്യം ഗ്രഹിക്കുന്നതിന് നിശ്ശബ്ദതയുടെ, ധ്യാനത്തിന്റെ, സാധനയുടെ മാർഗ്ഗവും സ്വീകരിക്കണം. സൃഷ്ടിയോടും സ്രഷ്ടാവിനോടുമുള്ള ആശ്ചര്യം കൂറുന്ന സമീപനം തന്നെ ആരാധനയും ആസ്വാദനവുമാണ്, ഉപാസനയും ഉപനയനവുമാണ്.

കുറെ തത്വങ്ങൾ വായിച്ചതുകൊണ്ടോ പഠിപ്പിച്ചതുകൊണ്ടോ ഹൃദിസ്ഥമാക്കിയതുകൊണ്ടോ ആവർത്തിച്ചതുകൊണ്ടോ കാര്യമില്ല. അവ പ്രാവർത്തികമാക്കണം. ക്രിസ്തീയ പ്രമാണങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നില്ലെങ്കിൽ പഠിക്കുന്നതിൽ അർത്ഥമില്ല. പ്രമാണങ്ങൾ പ്രായോഗികമായി നിർവഹിച്ചു കാണിക്കണം.

അറിവും അനുഭവവും പകർന്നു കൊടുക്കുന്നതിന് മാധ്യമങ്ങളും പ്രതീകങ്ങളും സഹായിക്കും. അക്ഷരങ്ങളും ഉച്ചാരണവും വിപുലാർത്ഥത്തിൽ പ്രതീകങ്ങൾ തന്നെയാണല്ലോ. നമ്മുടെ ആരാധന സാഹിത്യത്തിലെ ചിഹ്നങ്ങളും അടയാളങ്ങളും കർമ്മങ്ങളുമെല്ലാം അർത്ഥവത്താണെന്നും ആചാരവും ആഘോഷവും സമ്പർക്ക മാധ്യമങ്ങളാണെന്നും നാം അറിയണം.

നാം ഉപയോഗിക്കുന്ന വാക്കുകളും ആദിയിൽ ഉണ്ടായിരുന്ന വചനവും ഒരേ കണ്ണാടിയിൽ കൂടി കാണരുത്. യുക്തിയും വെളിപ്പാടും തമ്മിലുള്ള വ്യത്യാസവും നാം ഗ്രഹിക്കണം. യുക്തിയുടെ പരിമിതികൾ അംഗീകരിച്ചതു കൊണ്ട് വിശ്വാസപൂർവ്വം ദൈവിക വെളിപ്പാടുകൾ സ്വീകരിച്ച് ആ വെളിപാടുകൾക്കനുസരിച്ച് വളരണം. യുക്തിയുടെ ജ്ഞാനവും വെളിപ്പെടുത്തപ്പെട്ട ജ്ഞാനവും അപൂർണ്ണം തന്നെയെന്നും ഗ്രഹിക്കണം. മങ്ങിയ കണ്ണാടിയിലൂടെയാണല്ലോ നാം സത്യത്തെ കാണുന്നത്.

ദൈവശാസ്ത്രം തർക്കശാസ്ത്രമാക്കരുത്. ക്രിസ്തീയ മതം ഒരഭിപ്രായമല്ല, ഒരു ജീവിത ശൈലിയാണല്ലോ. വിശുദ്ധിയിലും ആരാധനയിലും സൽക്കർമ്മങ്ങളിലും വളരുന്ന അനുഭവമാണ് ദൈവശാസ്ത്രം. അധരവ്യായാമമോ വാചകക്കസർത്തോ പദസമ്പത്തുകളുടെ പകിടകളിയോ അല്ല ദൈവശാസ്ത്രം. ക്ലാസുമുറിയിലെ ജ്ഞാനമോ പുസ്തകത്താളുകളിലെ ചപ്പുചവറുകളോ ഭൗതികാധികാരത്തിന്റെ അടിച്ചേല്പിക്കപ്പെട്ട നിയമസംഹിതകളോ അല്ല. അനുസരണവും അച്ചടക്കവും നിഷ്ഠയും ജീവിത വിശുദ്ധിയും ദൈവീകരണവുമാണ്.

വേദപുസ്തക പരിഭാഷകളിൽ പ്രമാദങ്ങൾ കടന്നുകൂടാവുന്നതാണ്. സഭാപാരമ്പര്യങ്ങളെയും ദൈവ മാതാവിനോടുള്ള ഭക്തിയെയും വാങ്ങിപ്പോയവരോടുള്ള സംസർഗ്ഗത്തെയും പൗരോഹിത്യത്തെയും കൗദാശികാനുഷ്ഠാനങ്ങളെയും മറ്റും തുച്ഛീകരിക്കുന്ന പദ പ്രയോഗങ്ങൾ പരിശുദ്ധാത്മാവിനെതിരായ പാപമാണെന്നും അംഗീകരിക്കണം. എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മനിയോഗത്തിന് കീഴ്പ്പെടുകയും വേണം.

# ആഗോള വൽക്കരണവും പരിസ്ഥിതി ചിന്തകളും



ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്

ക്രിസ്തീയ ആദ്ധ്യാത്മിക ദർശനങ്ങളും വിശ്വാസങ്ങളും ദൈവശാസ്ത്ര പഠനങ്ങളുമെല്ലാം ഈ ദൃശ്യമായ പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉരുത്തിരിയുകയും വികസിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെയാണ് പൊതുവിൽ പരിസ്ഥിതി ദൈവശാസ്ത്രം എന്ന് വിളിക്കുന്നത്.

പരിസ്ഥിതിയിലും സൃഷ്ടിക്രമങ്ങളിലും നിലനിൽക്കുന്ന ദൈവീക സാന്നിദ്ധ്യം താളാത്മക ബന്ധങ്ങളും തിരിച്ചറിയാതെ സ്വാർത്ഥ നേട്ടങ്ങൾക്കായി ഇവകളെ മനുഷ്യൻ ചൂഷണം ചെയ്തപ്പോൾ ബന്ധങ്ങൾ വികലമാകുകയും താളാത്മകത അന്യമാവുകയും ചെയ്തു. ഇന്നു കാണുന്ന പ്രകൃതി ശോഷണവും അനുഭവിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുമെല്ലാം ഇതിന്റെ ബാക്കി പത്രങ്ങളാണ്. എല്ലായിടത്തും എല്ലാ തലങ്ങളിലും ഉള്ള മനുഷ്യർ ഏതാണ്ട് ഇതിനെക്കുറിച്ച് ബോധവാന്മാരാണെങ്കിലും തിരുത്തുവാൻ വിമുഖരാണ്. പരിസ്ഥിതി പ്രശ്നങ്ങൾ കേവലം ഭൗതികമായത് മാത്രമല്ല, ആത്മീയതലങ്ങളും ഇതിന്റെ അടിസ്ഥാനമായി വരുന്നുണ്ട്. ആകയാൽ സഭകൾക്ക് തികച്ചും ഈ പ്രശ്നങ്ങളിൽ നിന്നും അതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങളിൽ നിന്നും മാറി നിൽക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തീയ ആദ്ധ്യാത്മിക ദർശനങ്ങളും വിശ്വാസങ്ങളും ദൈവശാസ്ത്ര പഠനങ്ങളുമെല്ലാം ഈ ദൃശ്യമായ പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉരുത്തിരിയുകയും വികസിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെയാണ് പൊതുവിൽ പരിസ്ഥിതി ദൈവശാസ്ത്രം എന്ന് വിളിക്കുന്നത്. വിമോചന ദൈവശാസ്ത്രത്തിന് ശേഷം ശക്തിയായി ഉയർന്ന് വികസിച്ച് വന്ന ഈ ദൈവശാസ്ത്ര വിഭാഗം ഏതാണ്ട് 35 വർഷത്തിനപ്പുറം കാര്യമായി അറിയപ്പെട്ടിരുന്നില്ലെങ്കിലും പൗരസ്ത്യ ദൈവശാസ്ത്ര ചിന്തയിലും ആദ്ധ്യാത്മികതയിലും ആരാധനയിലും വേദവ്യാഖ്യാനത്തിലും വിശ്വാസ അനുഷ്ഠാനങ്ങളിലുമെല്ലാം നിറഞ്ഞ് നിന്നിരുന്ന മൗലികവും അടിസ്ഥാനവുമായ പാഠങ്ങളാണ്. ചുരുക്കത്തിൽ പൗരസ്ത്യാത്മികതയിൽ പരിസ്ഥിതി ദൈവശാസ്ത്ര ഘടകങ്ങൾ നൂതന പ്രവണതയായി വന്നതല്ല. പക്ഷെ കപ്പദോക്യൻ പിതാക്കന്മാർക്ക് ശേഷം സഭയ്ക്കകത്തും പുറത്തുമുള്ളവർക്ക് സഭയുടെ പരിസ്ഥിതി ദൈവശാസ്ത്രം വ്യാഖ്യാനിച്ച് കൊടുക്കാൻ പിതാക്കന്മാർ വിരളമായിരുന്നു. ആ നിലയിൽ പുണ്യശ്ലോകനായ ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സേവനങ്ങൾ എന്നും സഭയ്ക്ക് നേട്ടമായിരുന്നു.

**പരിസ്ഥിതി ദൈവശാസ്ത്ര വിഭാഗങ്ങൾ**

അവതരണത്തിന്റെയും ഊന്നലിന്റെയും അടിസ്ഥാനത്തിൽ സെബാസ്റ്റ്യൻ സി.എച്ച്.കിം. പോലുള്ള സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പരിസ്ഥിതി ദൈവശാസ്ത്രത്തെ പ്രധാനമായും നാല് മേഖലകളായി തിരിച്ചിരിക്കുന്നു. പരിസ്ഥിതി സാമൂഹിക ദൈവശാസ്ത്രം, പരിസ്ഥിതി സൃഷ്ടി ദൈവശാസ്ത്രം, പരിസ്ഥിതി സ്ത്രൈണ ദൈവശാസ്ത്രം, പരിസ്ഥിതി ആദ്ധ്യാത്മിക ദൈവശാസ്ത്രം, പരിസ്ഥിതി പ്രശ്നങ്ങൾ ഒരു വശത്തും അടിച്ചമർത്തപ്പെട്ടതും പാർശ്വാവത്കരിക്കപ്പെട്ടതുൾപ്പെടെയുള്ള മനുഷ്യനുൾപ്പെടെയുള്ള സൃഷ്ടിക്രമങ്ങൾ മറുവശത്തും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിട്ടാണ് പരിസ്ഥിതി സാമൂഹിക ദൈവശാസ്ത്രം ഉടലെടുത്തതും, വികസിച്ചതും. ആകയാൽ ഇതിന്റെ പ്രധാനപ്പെട്ട ഊന്നൽ സാമൂഹിക, സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ചൂഷണവിധേയമാക്കപ്പെട്ട മനുഷ്യനുൾപ്പെടെയുള്ള സൃഷ്ടിക്രമങ്ങളുടെ വിമോചനവും പറുദീസാ ജീവിതത്തിന്റെ ആദി ശ്രേഷ്ഠതയിലേക്കും താളാത്മക ബന്ധത്തിലേക്കുള്ള മടക്കവുമാണ്. 23-ാം സങ്കീർത്തനം യഥാർഥത്തിൽ ഈ പാരസ്പരിക താളാത്മക ബന്ധത്തിന്റെ വിവരണവും പുനരാവിഷ്കരണവുമാണ് പ്രകാശിപ്പിക്കുന്നത്. സൃഷ്ടാവും സൃഷ്ടിയും സൃഷ്ടിക്രമങ്ങളും തമ്മിലുള്ള പരസ്പര ബന്ധം, ആശ്രയത്വം, ഏകോപനം എന്നീ മേഖലകളുമായി ബന്ധപ്പെട്ടതാണ് പരിസ്ഥിതി സൃഷ്ടി ദൈവശാസ്ത്രം. പ്രധാന ഊന്നലാകട്ടെ തന്റെ സൃഷ്ടിയിലേക്ക് കവിഞ്ഞൊഴുകുന്ന സൃഷ്ടാവിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും പരിലാളനത്തിന്റെയും അനർഗ്ഗള പ്രവാഹവും, സൃഷ്ടിയെ ഭൗമ മണ്ഡലത്തിലുൾപ്പെട്ട പരിസ്ഥിതിയോട് സമാനത കൽപ്പിക്കുന്ന ആശയാവിഷ്കരണമാണ് പ്രധാനമായും പരിസ്ഥിതി സ്ത്രൈണ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം. ഭാരതീയ ഭൂമിദേവി സങ്കല്പം പ്രത്യേകം ശ്രദ്ധേയമാണ്. ഈയൊരു സമാനതയും സങ്കൽപ്പവും പ്രധാനമായും നിലനിൽക്കുന്നത് രണ്ടിന്റെയും പൊതുവായ സാദ്ധ്യതകളിലും കഴിവുകളിലുമാണ്. 1) സൃഷ്ടി നിർവ്വഹിക്കാനുള്ള കഴിവും സാദ്ധ്യതയും 2) സ്വയത്യാഗത്തിലൂടെ മറ്റുള്ളവർക്ക് കരുതലും സംരക്ഷണവും നൽകുവാനുള്ള കഴിവും സന്നദ്ധതയും. 3) എല്ലാം ഉൾക്കൊള്ളാനുള്ള സാദ്ധ്യതയും കഴിവും. 4) സഹന സേവനത്തിന്റെ പ്രായോഗികത. എന്നാൽ കാലിക ചൂഷണഭോഗ സംസ്കാരത്തിന്റെ സ്വാധീനത്തിൽ രണ്ടിന്റെയും ആദിശ്രേഷ്ഠതയ്ക്ക് മങ്ങലും ശോഷണവും സംഭവിച്ചിട്ടുണ്ട്. ഈ ദൃശ്യകാര്യങ്ങളുമായി ബന്ധപ്പെട്ടു രൂപപ്പെട്ട് വികസിച്ച് വരുന്ന ദൈവശാസ്ത്ര ചിന്തകളാണ് പ്രധാനമായും സ്ത്രൈണ ദൈവശാസ്ത്രം ഉൾക്കൊള്ളുന്നത്. ചൂഷണഭോഗ സംസ്കാരത്തിന്റെ അടിമത്വത്തിൽ നിന്നുള്ള രണ്ടിന്റെയും മോചനമാണ് ഇതിന്റെ ലക്ഷ്യം. നാം ഇന്ന് നേരിടുന്ന പരിസ്ഥിതി പ്രശനങ്ങളുടെ മൂലകാരണം ആദ്ധ്യാത്മികതയിലുണ്ടായ വികല്പങ്ങളാണ് എന്നുള്ള തിരിച്ചറിവാണ് പരിസ്ഥിതി ആദ്ധ്യാത്മികാ സംബന്ധമായ ദൈവശാസ്ത്ര ദർശനങ്ങളിലേക്ക് വാതിൽ തുറന്നത്. യഥാർത്ഥത്തിൽ പരിസ്ഥിതി പ്രശ്നമെന്നത് ഭൗതികവും ഭൗമീകവുമായ പ്രശ്നമെന്നതിനേക്കാൾ ഒരു ആത്മീയ പ്രശ്നമാണ്. ആദ്ധ്യാത്മീകതയിലൂടെ ഈ പ്രശ്നത്തെ നോക്കി കാണുകയും അതിലൂടെ പ്രശനപരിഹാരം തേടുകയും ചെയ്യാത്തിടത്തോളം ശാശ്വത പരിഹാരം സാദ്ധ്യമല്ല. ദൈവ സ്നേഹത്തിലും പ്രപഞ്ച സ്നേഹത്തിലും അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മിക ദർശനവും ആ ദർശനത്തിന്റെ പ്രയോഗവത്കരണവുമാണ് പരിസ്ഥിതി ആദ്ധ്യാത്മികതയുടെ കാതൽ. പൗരസത്യരുടെ വീക്ഷണത്തിൽ ആദ്ധ്യാത്മികതയും ക്രിസ്തീയ രക്ഷാ ദൈവ ശാസ്ത്രവും, പരിസ്ഥിതിയാണ് വിരൽ ചൂണ്ടുന്നത്. അതായത് സ്വാർത്ഥതയുടെയും പാപത്തിന്റെയും അടിമത്വത്തിൽ നിന്ന് മനുഷ്യനെ വിമോചിപ്പിച്ച്, സമസ്ത സൃഷ്ടി ക്രമങ്ങളുമായുള്ള പഴയ ഐക്യത്തിലേക്കുമുള്ള വളർച്ചയും വികാസവുമാണ് ക്രിസ്തീയ രക്ഷ കൊണ്ട് അർത്ഥമാക്കുന്നത്. ഇത് സൃഷ്ടിക്രമങ്ങളുടെ മഹത്വീകരണവും മനുഷ്യന്റെ തേജസ്കരണവും ദൈവവത്കരണവും ഒത്തുചേർന്ന ഒരു അവസ്ഥയാണ്. ചുരുക്കത്തിൽ മനുഷ്യന്റെ പാപം മൂലമുണ്ടായ പതനത്തിന് മുമ്പുണ്ടായിരുന്ന സൃഷ്ടിയുടെ ആദി മഹത്വത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് ക്രിസ്തു തന്റെ പരമയാഗത്താൽ സാധ്യമാക്കിയിരിക്കുകയാണ്. ഈ രക്ഷാമാർഗ്ഗത്തിലൂടെ തെറ്റുകൾ തിരുത്തി സൃഷ്ടി ക്രമങ്ങൾക്കുണ്ടായിരുന്ന ആദിശ്രേഷ്ഠത സമാർജ്ജിക്കുവാൻ ഇതുവഴി സാധിക്കുന്നു. ഈ ഒരു വിശാല ആദ്ധ്യാത്മിക വീക്ഷണമാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെയും പരിസ്ഥിതി ആദ്ധ്യാത്മികതയുടെയും ഊന്നൽ.

**ആഗോളവൽക്കരണ: സൃഷ്ടി ദൈവശാസ്ത്ര പശ്ചാത്തലം**

ദൈവസ്വരൂപത്തിലും ദൈവ തേജസ്സിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവസ്നേഹവും കരുതലും സൃഷ്ടിയിലേക്ക് പകരുവാൻ അവയുടെമേൽ അധികാരവും കാര്യവിചാരകത്വവും നൽകപ്പെട്ടിരിക്കുന്നു. മനുഷ്യസൃഷ്ടിയിൽ ഇതിനായി ചില പ്രത്യേകതകളും ദൈവം വെച്ചിരിക്കുന്നു. ഈ പ്രത്യേകതകൾ സ്വാർത്ഥതക്കായി ദുരൂപയോഗപ്പെടുത്തുവാനല്ല, മറിച്ച് പ്രകൃതിയിൽ ദൈവഹിതമായ താളാത്മകത നിലനിർത്തുവാനാണ്. ഏറ്റവും പ്രധാനം മനുഷ്യനിലെ ആളത്വവും വ്യക്തിത്വവുമാകുന്നു. ദൈവസ്വരൂപത്തിൽ നിർമ്മിതനായ മനുഷ്യനിൽ രഹിതമായ വ്യക്തിത്വവും നിലനിൽക്കുന്നു. ഇത് ത്രിത്വപരമായ ദൈവീക ആളത്വവും അതിനോട് ചേർന്ന വ്യക്തിത്വത്തിനാണ് ഊന്നൽ. മനുഷ്യന്റെ ആളത്വവും വ്യക്തിത്വവും വികസിക്കുന്നതും പ്രകടമാക്കുന്നതും അവന്റെ ദൈവബന്ധത്തിലും മറ്റും സൃഷ്ടികർമ്മങ്ങളോടുള്ള താളാത്മകമായ പ്രതിപ്രവർത്തനത്തിലുമാണ് എല്ലാ തിന്മകളുടെയും ഇരിപ്പിടം. പരിസ്ഥിതി ചിദ്രംമൂലം ജൈവമണ്ഡലവും മനുഷ്യ-മനുഷ്യേതര ജീവികൾ തമ്മിലുള്ള ബന്ധവും ഇന്ന് വിഷലിപ്തമായികൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം മനുഷ്യൻ അവന്റെ ആദിശ്രേഷ്ഠതയിലേക്ക് മടങ്ങുക എന്നതാണ്.

സൃഷ്ടയിൽ മൂന്ന് അടിസ്ഥാന സാദ്ധ്യതകൾ/ വ്യവസ്ഥിതികൾ ദൈവം ഉറപ്പാക്കിയിരുന്നു. 1) സുരക്ഷിതത്വ ബോധ്യം. 2) പക്വമായ സർവ്വ തലങ്ങളിലും അതിർത്തി ലംഘിക്കപ്പെടാതെയുള്ള ബന്ധത്തിനും നിലനിൽപ്പിനും ആധാരമായ നീതി. 3) പരസ്പര ബന്ധത്തിലൂടെയുള്ള സ്വയം പര്യാപ്തതയും സുസ്ഥിരതയും. ഈ മൂന്ന് വ്യവസ്ഥിതികളും പാലിക്കപ്പെടുമ്പോഴാണ് ജീവന്റെ സമഗ്രതയും താളാത്മകതയും, സ്നേഹത്തിന്റെ വറ്റാത്ത ഒഴുക്കും. പങ്കിടീലിന്റെ സൗകുമാര്യതയും സൃഷ്ടിക്രമത്തിൽ നിലനിൽക്കുന്നത്. ഇതിനായി സൃഷ്ടികളെ വ്യത്യസ്ഥങ്ങളായ നന്മയുടെ ആത്മീയ മൂല്യങ്ങൾ നിറക്കുകയും ചെയ്തു. 1) നന്ദിയും കൃതജ്ഞതയും, 2) വിനയവും ആശ്രയത്വവും 3) സംതൃപ്തിയും സമാധാനവും 4) ആർദ്രതയും നിസ്വാർത്ഥ നിഷ്കാമസ്നേഹവും 5) വിശ്വാസവും വിശ്വാസ്യതയും 6) പ്രതീക്ഷയും പ്രത്യാശയും 7) സുതാര്യതയും പ്രകാശവും. ഈ നന്മയുടെ മൂല്യങ്ങൾ നിറഞ്ഞ മനുഷ്യന്റെ ആളത്വത്തിലേക്ക് തിന്മയുടെ സ്വാർത്ഥതയിൽ അടിസ്ഥാനപ്പെട്ട മൂന്നു മൂല്യങ്ങൾ സാത്താൻ കടത്തിവിട്ടു. 1) ഒടുങ്ങാത്ത ആർത്തി, 2) ചൂഷണാത്മകമായ അധീശത്വഭാവം, 3) അരക്ഷിതത്വത്തിലേക്ക് നയിക്കുന്ന ആന്തരിക ആർത്തി. ഇതാവട്ടെ ആർജ്ജന ഉപഭോക്താസക്തിയായും, അധീശത്വഭാവം കോളനിവൽക്കരണത്തിന്റെ ആധുനീകഭാവമായ ആഗോള വൽക്കരണമായും, ആന്തരികഭയം അക്രമവും ഭീകരവാദവുമായും ഇന്ന് പ്രകടിപ്പിക്കപ്പെടുകയാണ്.

പരിസ്ഥിതി ദൈവശാസ്ത്രത്തിന്റെ മേഖലകളെയെല്ലാം പൊതുവേയും എന്നാൽ ആഗോളവൽക്കരണം എന്ന ആധുനിക കച്ചവട സംസ്കാരത്തിന്റെ മേഖലകളെ പ്രത്യേകിച്ചും ഈ ലേഖനത്തിലൂടെ പഠനത്തിനായി സമർപ്പിക്കുകയാണ്.

# ക്രൈസ്തവ കലയും സംസ്കാരവും



പോൾ മണലിൽ

ക്രൈസ്തവ സമൂഹത്തിൽ ആചാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും ഭാഗമായി പ്രചുരപ്രചാരം നേടിയ കലാരൂപങ്ങൾ ഇന്നു കേരള സംസ്കാരത്തിന്റെ ഭാഗമായി തീർന്നിട്ടുണ്ട്. നൃത്തം, സംഗീതം, നാടകം, ചിത്രം, ശിൽപം എന്നിങ്ങനെ എല്ലാ ശാഖകളിലും ക്രൈസ്തവ കലാരൂപങ്ങൾ ദേശസംസ്കാരവുമായി ഇഴുകിച്ചേരുകയും അതിനെ സമ്പന്നമാക്കി തീർക്കുകയും ചെയ്തിട്ടുണ്ട്. ക്രൈസ്തവ സമൂഹത്തിന്റെ ജീവിത രീതിയെയും ജീവിത വീക്ഷണത്തെയും പ്രതിഫലിപ്പിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന ഈ കലാരൂപങ്ങൾ കേരള സംസ്കാരത്തെ സമ്പന്നമാക്കുക മാത്രമല്ല, അതിനെ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മാർഗംകളി**

ക്രൈസ്തവകലകളിൽ പ്രധാനപ്പെട്ട ഒന്നാണ് മാർഗംകളി, നൃത്തം, സംഗീതം, നാടകം എന്നിവയുടെ ഉദ്ഗ്രഥനത്തിലൂടെ കേരളീയമായ രൂപഭാവങ്ങളോടെ വളർത്തിയെടുത്ത അതിവിശിഷ്ടമായൊരു കലാരൂപമാണിത്.

നൃത്തവും സംഗീതവും ചേർന്ന പ്രാർത്ഥനാശൈലി ബൈബിളിലെ പഴയ നിയമത്തിൽ യഹൂദജനതയിൽ പ്രചാരത്തിലുണ്ടായിരുന്നു. സ്രഷ്ടാവിന്റെ മുമ്പിൽ അർപ്പിക്കുന്ന പ്രാർത്ഥനയായിട്ടാണ് യഹൂദർ അതിനെ കരുതിയത്. യുദ്ധത്തിൽ ജയിക്കുമ്പോഴും ഉദ്ദിഷ്ട കാര്യം നേടുമ്പോഴും ദൈവപ്രീതി ഉണ്ടാകുമ്പോഴും യഹൂദജനത സംഗീതനൃത്തം ചവിട്ടിയിരുന്നു. പഴയനിയമ ജനത നൃത്തത്തെ ആനന്ദത്തിന്റെയും ആധ്യാത്മികമായ ഉണർവിന്റെയും പ്രകാശനമായി കരുതിയപോലെയാണ് കേരളത്തിലെ ക്രൈസ്തവ ജനത മാർഗംകളിയെയും സ്വീകരിച്ചത്. ക്രിസ്തുമാർഗത്തെ അനുസ്മരിപ്പിക്കുന്ന ഒരു രംഗകലയാണിത്. ഇതു കേരള ക്രൈസ്തവ സമൂഹത്തിന്റെ പ്രകാശനമാണ്.

ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരെ അനുസ്മരിപ്പിക്കുന്ന പന്ത്രണ്ട് പുരുഷന്മാരാണ് മാർഗംകളിയിൽ പങ്കെടുക്കുന്നത്. അവർ അരയും തലയും മുറുക്കി തലയിൽ മയിൽപ്പീലി ചൂടി, കത്തിച്ച നിലവിളക്കിനു ചുറ്റും നിൽക്കുന്നു. ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് ഭാരതത്തിൽ വന്നപ്പോൾ മയിലിന്റെ പുറത്തു സഞ്ചരിച്ചതിനെ അനുസ്മരിച്ചാണ് മാർഗംകളിക്കാർ തലയിൽ മയിൽപ്പീലി ചൂടുന്നത്. കത്തിച്ച വിളക്ക് ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. മാർഗംകളിക്ക് ആധാരമായ പാട്ടിനു മാർഗംകളിപ്പാട്ടെന്നു പറയുന്നു. കളിക്കാർ വിളക്കുതൊട്ടു നമസ്കരിച്ചതിനു ശേഷമാണ് കൈകൊട്ടി പാട്ടുപാടി തുടങ്ങുന്നത്. ഭാരതത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ച സെന്റ് തോമസിന്റെ പ്രവൃത്തികളാണ് മാർഗംകളിപ്പാട്ടിന്റെ ഇതിവൃത്തം. കളിക്കാരോടൊപ്പം പാട്ട് പാടാൻ ഒരു ആശാൻ ഉണ്ടാവും. ആശാൻ പാടുമ്പോൾ കളിക്കാർ അതേറ്റുപാടുന്നു. സംഗീതവും താളവും മെയ്വഴക്കവും നൃത്തവും സമന്വയിപ്പിച്ചുകൊണ്ട് കളിക്കാർ വിളക്കിനു ചുറ്റും കളിക്കുന്നു.

മാർഗം കളിയിൽ പങ്കെടുക്കുന്ന പുരുഷന്മാരുടെ വേഷം കസവുമുണ്ടും കസവുതലക്കെട്ടും ചുവന്ന പട്ടുകൊണ്ടുള്ള അരക്കെട്ടുമാണ്. എൺപതുകളിൽ സ്കൂൾ യുവജനോത്സവത്തിൽ ഈ കലാരൂപം ഒരു ഇനമാക്കിയതോടെ അത് സ്ത്രീകൾ ഏറ്റെടുത്തു. അഭ്യാസം മാത്രമല്ല, താളവും ലയവും ചടുലതയും ഇതിന് ആവശ്യമായതിനാൽ ആ രീതിയിലുള്ള പരിശീലനത്തോടെ ഈ കല അഭ്യസിച്ചു തുടങ്ങി. മാർഗംകളി സ്ത്രീകൾ ഏറ്റെടുത്തതോടെ പുരാതന സുറിയാനി ക്രിസ്ത്യാനികളുടെ വേഷത്തോടു സാമ്യമുള്ള ചമയങ്ങൾ അതിനു സ്വീകരിച്ചു. കോടിനിറത്തിലുള്ള കച്ചമുണ്ടും പണിച്ചട്ടയും കവണിയും പിന്നെ കഴുത്തിൽ കാശുമാലയും മേക്കാതിൽ കുണുക്കും കൈയ്യിൽ വളയും കാലിൽ തളയും അങ്ങനെ മാർഗംകളിക്ക് ഉടയാടകളാക്കി.

**പരിചമുട്ടുകളി**

കേരള ക്രൈസ്തവരുടെ മറ്റൊരു രംഗകലയാണ് പരിചമുട്ടുകളി. പ്രാചീന കേരളത്തിലെ ആയോധനകലയായ കളരിപ്പയറ്റിൽ നിന്നും രൂപം കൊണ്ട കലയാണിത്. കളരിയിൽ നിന്ന് മെയ്വഴക്കവും പയറ്റും ശീലിച്ച ക്രിസ്ത്യാനികൾ തങ്ങളുടെ ആയോധനപാടവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കലയായി രൂപം കൊടുത്തതാണ് പരിചമുട്ടുകളി. പള്ളി പെരുന്നാളുകൾക്ക് ഈ കലാവിനോദം മുഖ്യ ഇനമായിരുന്നു. കല്യാണ സദസുകളിലും ഇത് അവതരിപ്പിച്ചിരുന്നു.

പരിചമുട്ടു കളിയിൽ അരോഗദൃഢഗാത്രരായ ഒരു സംഘമാണ് പങ്കെടുക്കുന്നത്. കൈയ്യിൽ നീളം കുറഞ്ഞ വാളും വൃത്താകൃതിയിലുള്ള വലിയ പരിചയും അവർ പിടിക്കുന്നു. കളി തുടങ്ങും മുമ്പ് കത്തിച്ച നിലവിളക്കിനു ചുറ്റും നിന്നു കളിക്കാർ ദൈവസ്തുതി നടത്തും. ആദ്യം അഭ്യാസങ്ങളാണ് അവതരിപ്പിക്കുന്നത്. പിന്നെ വാളും പരിചയും ധരിച്ച് വൃത്തത്തിൽ നിന്നു താളം ചവിട്ടും. വൃത്തത്തിനുള്ളിൽ കളിയാശാൻ ഉണ്ടാവും. പാട്ടുകൾ ആലപിക്കുന്നത് ആശാനായിരിക്കും. ഇടത്താളവുമായി ഓരോ താളത്തിലും നീട്ടിയും പാട്ടുകൾ അവതരിപ്പിക്കും. ശിഷ്യന്മാർ അതേറ്റു പാടുകയും താളത്തിൽ പരിചമുട്ടിക്കുകയും ചെയ്യും. വാളും പരിചയും ഇളക്കികൊണ്ട് അതിവേഗത്തിൽ വെട്ടും തടയും നടത്തുമ്പോൾ നൃത്തത്തിന്റെ ചുവടും താളവും ചടുലതയും അനുഭൂതി പകരും. ഒരേഗതിയിൽ മാത്രമല്ല, ഇരുന്നും ചരിഞ്ഞും തകിടം മറിഞ്ഞും കളിക്കാർ ആവേശം പകരാൻ ഹോയ് ഹോയ് എന്ന് അട്ടഹസിക്കുകയും ഹായ് തിന്തത്തെയ് തിന്തത്തെയ് എന്നു കലാശം കൊട്ടുകയും ചെയ്യും. ചിലപ്പോൾ കളി വൃത്തത്തിനു പുറത്തു നിന്നും ആശാൻ പാട്ട് പാടാറുണ്ട്.

ക്രിസ്തു ശിഷ്യനായ സെന്റ് തോമസിന്റെ ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങളും വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ ഗീവറുഗീസിന്റെയും ജീവിതങ്ങളും പരാമർശിക്കുന്നതാണ് പരിചമുട്ടുകളിയിലെ പാട്ടുകൾ.

**ചവിട്ടു നാടകം**

കഥകളി ഉദയം ചെയ്യുന്നതിന് ഒരു ശതാബ്ദം മുമ്പ് ക്രൈസ്തവ സമൂഹത്തിൽ പ്രചാരത്തിലിരുന്ന ഒരു കലാരൂപമാണ് ചവിട്ടുനാടകം. കേരളത്തിന്റെ ആയോധനാ വൃത്തിയുമായി ബന്ധമുള്ള വീരരസ പ്രധാനമായ സംഗീത നൃത്ത നാടക രൂപമാണിത്. പാട്ടും പയറ്റും നൃത്തവും നാടകവും സമന്വയിച്ചിരിക്കുന്ന ചവിട്ടു നാടകം താണ്ഡവ പ്രധാനമാണ്. നടന്മാർ തന്നെ പാടി അഭിനയിച്ചിട്ടു നൃത്തം വയ്ക്കുന്നു. താളലയാന്വിതമായ പദവിന്യാസത്തിനു ചവിട്ടു നാടകത്തിൽ പ്രാധാന്യം കൽപ്പിച്ചിരിക്കുന്നു. കളരിപ്പയറ്റും നാടക സങ്കേതവും മാത്രമല്ല സംസ്കൃത നാടക സങ്കേതങ്ങളും ഈ കലാപൂരം ഉൾക്കൊണ്ടിരിക്കുന്നു. യൂറോപ്യൻ നാടകങ്ങളോട്, പ്രത്യേകിച്ച് ഓപ്പറ എന്ന പശ്ചിമ യൂറോപ്യൻ നാടക സമ്പ്രദായത്തോട് ഇതിനു സാദൃശ്യമുണ്ട്. ഓപ്പറ മാതൃകയിലെന്നപോലെ തമിഴ് നാട്ടിലെ നട്ടുവ സംഗീതനൃത്തത്തോടും കർണ്ണാകടത്തിലെ യക്ഷഗാനത്തോടും ഇതിനു സാമ്യമുണ്ട്. ചവിട്ടു നാടക കളിക്കാരുടെ വേഷം പഴയ കാലത്തെ പടച്ചട്ടപ്പോലെ പല വർണ്ണത്തിലുള്ളതാണ്. അതു കടലാസുകൊണ്ടും പട്ടുകൊണ്ടും ഉള്ളതാണ്. മുഖ്യനടന്മാരുടെ പക്കൽ മൂർച്ചവാൾ ഉണ്ടാവും, രാജാപ്പാർട്ട് തലയിൽ കിരീടവും, യുദ്ധവീരന്മാർ കോരിയും ധരിക്കുന്നു.

കാറൽസ്മാൻ ചരിത്രം, ജനോവ നാടകം, ഗീവറുഗീസ് ചരിത്രം, ദാവീദ് വിജയം, അല്ലേശുനാടകം, യൗസേഫ് നാടകം, ജ്ഞാനസുന്ദരി എന്നിവയാണ് പ്രധാനപ്പെട്ട ചവിട്ടു നാടകങ്ങൾ. മണപ്പാട്ടുകാരൻ അന്തോണിക്കുട്ടി, കൊച്ചിക്കാരനായ വറീയതു, കോട്ടയിൽ അന്തോണി, പോഞ്ഞീക്കര ശൗരിയാർ, പള്ളിപ്പുറം മീങ്ക, അഗസ്റ്റീഞ്ഞു, വറീച്ചൻ, എടവനക്കാട്ട് കൊച്ചവുസേഫ്, ഗോതുരുത്ത് ഔസേഫ്, കോരുതു, വർഗീസ് എന്നിവരാണ് ചവിട്ടു നാടകരംഗത്ത് അണ്ണാവിമാരായും (ആശാൻ) രചയിതാക്കളായും അറിയപ്പെടുന്നത്. ഇവരിൽ വർഗീസ് ആശാൻ രചിച്ച ദാവീദ് വിജയം, ഗീവർഗീസ് ചരിത്രം, കോമളചന്ദ്രിക, മാർട്ടിൻകഥ, സത്യപാലൻ, ധർമ്മിഷ്ഠൻ എന്നീ ചവിട്ടു നാടകങ്ങൾ മലയാളത്തിലുള്ളതാണ്. തീരപ്രദേശങ്ങളിലെ ക്രൈസ്തവ സമൂഹം, പ്രത്യേകിച്ച് കത്തോലിക്കർ ഈ കലാരൂപത്തെ തങ്ങളുടെ പൈതൃകകലയായി കാത്തുസൂക്ഷിക്കുകയും അവതരിപ്പിക്കുകയും ചെയ്തു വരുന്നു.

**വട്ടക്കളികൾ**

ഇതൊരു നാടൻ കലാരൂപമാണ്. കേരള ക്രൈസ്തവരുടെ, പ്രത്യേകിച്ച് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഈ രംഗകല വിവാഹാഘോഷങ്ങളുടെ ഭാഗമായി രൂപപ്പെടുത്തിയ ഒന്നാണ്. സാംസ്കാരികവും ദേശീയവുമായ തനിമയുടെ പ്രകാശമാണീ കല. ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന വട്ടക്കളികൾ പുരുഷന്മാരുടെ കലയായിട്ടാണ് പ്രചാരത്തിലായത്. മംഗല്യത്തെപ്പറ്റിയും ബൈബിൾ കഥകളെപ്പറ്റിയും ക്നായി തൊമ്മന്റെ ആഗമനത്തെപ്പറ്റിയും വിവരിക്കുന്നു. ആദം - ഹവ്വാ വട്ടക്കളി, മൂശയുടെ വട്ടക്കളി, യാക്കോബിന്റെ വട്ടക്കളി, പൂർവയൗസേഫിന്റെ വട്ടക്കളി എന്നിവ ബൈബിൾ ഇതിവൃത്തങ്ങളെ പുരസ്കരിച്ചുള്ളതാണ്. ഇതെല്ലാം കല്യാണപന്തലിലോ കല്യാണാഘോഷ ചടങ്ങുകളിലോ അവതരിപ്പിക്കുന്നു.

മംഗല്യം വട്ടക്കളിപ്പാട്ടിന്റെ അവതരണ ക്രമത്തിൽ പറഞ്ഞാൽ, പാട്ടും, കുരവയും വാദ്യഘോഷങ്ങളും മുത്തുക്കുട വെൺചാമരയാലവട്ടവുമായി കല്യാണസംഘം ആർത്തു നടനടചൊല്ലി പന്തലിൽ എത്തുമ്പോൾ പൂമങ്കത്തോഴിമാർ ആടിയും പാടിയും നല്ലോരമ്മായി നെല്ലും നീരും വീഴ്ത്തിയും മണവാട്ടീ മണവാളന്മാരെ മണക്കോത്തിൽ ഇരുത്തി മധുരം കൊടുക്കും. മണവാളനും മണവാട്ടിക്കും മധുരം കൊടുത്തു കഴിയുന്നതോടെ വട്ടക്കളി ആരംഭിക്കുകയായി.

വട്ടത്തിൽ നിന്ന് കളിക്കുന്ന കലയായതുകൊണ്ടാണ് വട്ടക്കളിയെന്നു പേരുവന്നത്. ഉടുത്തൊരുങ്ങിയ പുരുഷന്മാർ തലയിൽ മാപ്പിളക്കെട്ടു കെട്ടിയാണ് കളിക്കെത്തുന്നത്. കസവുമുണ്ടാണ് വേഷം. കുലമഹിമയുടെ സൂചനയായിട്ടാണ് കസവുമുണ്ടും മാപ്പിളക്കെട്ടും ധരിക്കുന്നത്. കളിക്കാർ വട്ടത്തിൽ നിന്നു കൈകൊട്ടിയാണ് പാട്ടുപാടുന്നത്. പാട്ടു മുറു

കുന്നതോടെ ചുവടുവച്ചു തുടങ്ങുകയും അതു താളാത്മകമായി മാറുകയും ചെയ്യുന്നു. എല്ലാ വട്ടക്കളിയും വന്ദനഗാനത്തോടെയാണ് തുടങ്ങുന്നത്. തുടർന്ന് കല്യാണത്തിന്റെ ഒരുക്കവും പ്രൗഢിയും ദമ്പതികളുടെ ഗുണമഹിമകളും വർണിച്ചുകൊണ്ട് പാട്ടു തുടരും. വട്ടക്കളിക്കു മുസ്ലിംങ്ങളുടെ ഒപ്പനയുമായി സാമ്യമുണ്ട്.

**പാണൻ പാട്ട്**

ക്രൈസ്തവ സങ്കേതങ്ങൾ ഉപയോഗിച്ചു പ്രചാരത്തിലായ ഒരു നാടോടി കലയാണ് പാണൻപാട്ട്. ക്രിസ്ത്യാനികളുടെ കല്യാണദിവസം നടത്തിവരുന്ന ഒന്നാണിത്. പാണൻവരവ് എന്ന ചടങ്ങിനോടനുബന്ധിച്ചുള്ളതാണ് പാണൻപാട്ട്. ക്രൈസ്തവ ആചാരത്തിന്റെ പ്രതിഫലനമായിട്ടാണ് ഈ കലാരൂപം വളർന്നുവന്നത്. ഇതിന്റെ സമാനരൂപങ്ങൾ മറ്റു ചില സമുദായങ്ങളിലും പ്രചാരത്തിലുണ്ട്. വിവാഹകർമ്മത്തിനു ശേഷം പെണ്ണും ചെറുക്കനും കല്യാണപന്തലിൽ വന്ന് ഇരുന്നു കഴിഞ്ഞാലുടൻ പാണൻവരവായി. പാണൻ വന്നിട്ടേ സദ്യ ആരംഭിക്കു. പാണൻ ജാതിക്കാരനായ ഒരാൾ പന്തലിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുകയായി. ആഗമനം അറിയിച്ചുകൊണ്ട് അയാൾ ഉച്ചത്തിൽ പാടും. പാണൻപാട്ടിന്റെ കഥ ചേരമാൻ പെരുമാളുമായി ബന്ധപ്പെടുത്തിയുള്ളതാണ്. ജാതി ധർമ്മത്തിനു ചേരാത്ത ഒരു കല്യാണം നടത്താൻ ചേരമാൻ പെരുമാൾ തുനിഞ്ഞതിനെ മുൻനിർത്തിയാണ് പാണൻ തന്റെ പാട്ട് തുടങ്ങുന്നത്. ജാതി ധർമ്മത്തിനു ചേരാത്ത കല്യാണം നടത്തിയതിനെ തുടർന്ന് ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നിവരെല്ലാം ലങ്കയിലെത്തി. ഇവരുടെ പോക്ക് രാജ്യത്തിന്റെ നഷ്ടമായതിനാൽ ക്രിസ്ത്യാനികളുടെ പ്രമുഖ നേതാവായ ക്നായിതൊമ്മൻ മുതലാളി ഉടനെത്തന്നെ ലങ്കയിലേക്ക് പുറപ്പെട്ടു. കൂടെ തിരുവരങ്കൻ എന്ന പാണനും ഉണ്ടായിരുന്നു. ക്നായിതൊമ്മൻ ചെന്നതു കണ്ടിട്ട് അവർ അദ്ദേഹത്തിനു പൊൻമുടി കാഴ്ചവച്ചു. അവരെല്ലാം നാട്ടിലേക്കു മടങ്ങുകയും ചെയ്തു. ഈ കഥ പാടി നടക്കാൻ തിരുവരങ്കൻ അനുവാദം ചോദിച്ചു. തിരുവരങ്കന്റെ എല്ലാ പരമ്പരയും ഈ പാട്ട് പാടികൊള്ളാനും പണം സമ്പാദിക്കാനും ക്നായിതൊമ്മൻ അനുമതി നൽകി. ക്നായിതൊമ്മന്റെ സ്ഥാനമാനങ്ങൾ, വാണിജ്യരംഗത്തെ പ്രാമുഖ്യം എന്നിവയെല്ലാം പാട്ടിൽ വിവരിക്കുന്നുണ്ട്.

**പൂവിറക്കം**

ക്രൈസ്തവരുടെ വിവാഹ ചടങ്ങിനോടനുബന്ധിച്ച് അവതരിപ്പിക്കുന്ന മറ്റൊരു കലാരൂപമാണ് പൂവിറക്കം. ഇതൊരു ആചാരമോ അനുഷ്ഠാനമോ ആയി ക്രൈസ്തവസമൂഹത്തിൽ, പ്രത്യേകിച്ച് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒന്നാണ്. കല്യാണം കഴിഞ്ഞ് പെണ്ണും ചെറുക്കനും വീട്ടിലേക്കു വന്നു കഴിഞ്ഞാൽ പൂവിറക്കത്തിനുള്ള ഒരുക്കം തുടങ്ങുകയായി. കല്യാണ പന്തലിനു മധ്യത്തിലായി ഒരു വലിയ കടലാസ് പൂവ് കെട്ടി തൂക്കിയിട്ടിരിക്കും. അതിൽ ഒരു ചരട് ഘടിപ്പിച്ചിരിക്കുന്നു. മണവാളനും മണവാട്ടിയും മണക്കോലത്തിൽ ഇരിക്കുമ്പോൾ പാട്ടുകാരൻ പൂവിലെ ചരടിൽ പിടിച്ചു വലിച്ചുകൊണ്ട് പാടിത്തുടങ്ങും. പാട്ടുകാരന്റെ കാലിലെ പെരുവിരലിലാണ് ഈ ചരട് ഘടിപ്പിച്ചിരിക്കുന്നത്. മുഖ്യ പാട്ടുകാരന്റെ കൂടെ പാടാൻ ഒരു സംഘം പാട്ടുകാരുണ്ടാവും. പാട്ടു തുടങ്ങുമ്പോൾ മുഖ്യ പാട്ടുകാരൻ പെരുവിരൽ ചലിപ്പിക്കും. പൂവ് ഇളകുകയും അതിന്റെ ഓരോ ഇതൾ വിരിയുകയും ചെയ്യുന്നു. ഓരോ ഇതളും വിരിയുംവരെ പാട്ട് തുടരും. ഒരു പൂവിൽ സാധാരണ പന്ത്രണ്ട് ഇതളാണ് ഉള്ളത്. ചിലപ്പോൾ 16, 25 ഇതളുകളും ഉണ്ടാവും. അതനുസരിച്ചു പാട്ടിന്റെ ദൈർഘ്യവും കൂടും. പൂവ് വിരിഞ്ഞു കഴിയുന്നതോടെ സദ്യ ആരംഭിക്കുന്നു. ദമ്പതികൾക്ക് അവിടെ കൂടിയിരിക്കുന്നവർ അർപ്പിക്കുന്ന അർച്ചനയായിട്ടാണ് പൂവിറക്കം അവതരിപ്പിക്കുന്നത്.

**കല്യാണപാട്ട്**

ക്രൈസ്തവ സമൂഹത്തിൽ ഏറ്റവും പ്രധാന ഗൃഹോത്സവം കല്യാണമാണ്. ഇപ്പോൾ ഒരു ദിവസം കൊണ്ടോ ഏതാനും മണിക്കൂർ കൊണ്ടോ തീരുന്ന ഈ ആഘോഷം പണ്ട് ഒരാഴ്ചയോളം നീണ്ടുനിന്നിരുന്നു. വിവാഹത്തിന്റെയും ബന്ധപ്പെട്ട മറ്റു ചടങ്ങുകളുടെയും ആഘോഷങ്ങൾ വധുവിന്റെയും വരന്റെയും വീടുകളിൽ നടക്കുമ്പോൾ ഇരുകൂട്ടരും ഉൽസവ പ്രതീതിയോടെയാണ് അതു കൊണ്ടാടിയത്. ഈ ചടങ്ങുകളിൽ പങ്കെടുക്കുന്നവർക്ക് ഹരം പകരുന്ന കലാരൂപമായിട്ടാണ് കല്യാണപാട്ട് രൂപപ്പെടുത്തിയത്. ആഘോഷങ്ങൾക്കിടയിൽ പാടിയിരുന്ന നാടൻ പാട്ടുകളാണ് കല്യാണപാട്ട്, അന്തം ചാർത്തുപാട്ട്, മയിലാഞ്ചിപാട്ട്, പന്തൽപാട്ട്, വാഴുപ്പാട്ട്, എണ്ണപാട്ട്, അയനിപ്പാട്ട്, കളിപ്പാട്ട്, അടച്ചുതുറപ്പാട്ട്, വിളക്കുതൊടീൽപ്പാട്ട് എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. കല്യാണപ്പാട്ട് ആരംഭിക്കുന്നത് സാധാരണ മാർത്തോമ്മൻപാട്ട് ആലപിച്ചുകൊണ്ടായിരിക്കും മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്ന നന്നായ് വരേണമേയിന്ന് എന്നു ചൊല്ലിക്കൊണ്ടാണീ പാട്ട് തുടങ്ങുന്നത്.

**പള്ളിപ്പാട്ടുകൾ**

ക്രൈസ്തവ സംസ്കാരത്തനിമയുടെ പ്രകാശമാണ് പള്ളിപ്പാട്ടുകൾ. പുരാതനമായ ക്രൈസ്തവ ദേവാലയങ്ങളെയും കുടുംബങ്ങളെയും പരാമർശിക്കുന്ന നാടൻ പാട്ടുകളാണ് പള്ളിപ്പാട്ടുകൾ എന്ന പേരിൽ പ്രചാരത്തിലായത്. സാഹിത്യമൂല്യവും ചരിത്രമൂല്യവും കലാമൂല്യവും സമന്വയിക്കുന്ന ഈ പാട്ടുകൾ പണ്ട് ദേവാലയങ്ങളിലെ പെരുന്നാളുകൾക്കു വേദികളിൽ ആലപിച്ചിരുന്നു. പള്ളിപ്പാട്ടുകളിൽ നിന്നാണ് നസ്രാണികൾക്കു വിശ്വാസത്തിൽ സുസ്ഥിരമായി സ്ഥിതിചെയ്യുന്നവരെന്ന അർത്ഥമുള്ള തരുതായ്ക്കൽ എന്നു പേരുകൂടി ഉണ്ടെന്ന് അറിവായത്. കടുതുരുത്തി പള്ളിപ്പാട്ട്, കോട്ടയം വലിയ പള്ളിപ്പാട്ട്, നാലു പള്ളിപ്പാട്ട്, ആർത്താറ്റ് പള്ളിപ്പാട്ട് എന്നിങ്ങനെ നൂറുകണക്കിനു പാട്ടുകളുണ്ട്. ഇത് ഒറ്റയ്ക്കും സംഘമായും വേദികളിലും വീടുകളിലും ക്രിസ്തീയ ആഘോഷങ്ങളിൽ പാടിവന്നു. ക്രിസ്തീയ സമൂഹത്തെ ആചാരത്തിലും അനുഷ്ഠാനത്തിലും വിശ്വാസത്തിലും അടിയുറപ്പിച്ചു നിർത്താൻ ഈ പാട്ടുകൾ പര്യാപ്തമായിരുന്നു.

പള്ളിപ്പാട്ടുകൾ പോലെ പ്രധാനപ്പെട്ട ഒന്നാണ് റമ്പാൻ പാട്ട്. നിരണം മാളിയേക്കൽ തോമ്മാറമ്പാൻ രചിച്ച ഈ പാട്ടിൽ തോമ്മാശ്ലീഹായുടെ ജീവിതവും പ്രവർത്തനവും വിവരിക്കുന്നു. ഈ കൃതിക്കു സാഹിത്യമൂല്യം മാത്രമല്ല, കലാമൂല്യവും കൽപ്പിക്കുന്നുണ്ട്. പള്ളികളിലെ പെരുന്നാളുകൾക്കു മാത്രമല്ല, ഗൃഹോത്സവങ്ങളായ വിവാഹം, പേരിടീൽ, ചോറൂണ്, എഴുത്തിനിരുത്തൽ തുടങ്ങിയ ചടങ്ങുകൾക്കു കൊഴുപ്പുകൂട്ടാൻ റമ്പാൻ പാട്ട് മൂപ്പന്മാർ ആലപിച്ചിരുന്നു.

**ശിൽപകല**

കേരളത്തിലെ ക്രൈസ്തവ ശില്പകലാ പാരമ്പര്യത്തിന് ഉത്തമോദാഹരണമാണ് പ്രാചീന ക്രിസ്തീയ ദേവാലയങ്ങൾ. മതിൽക്കെട്ടിനകത്തുള്ള വിശാലമായ പറമ്പിൽ പൊക്കമുള്ള ഗോപുരത്തോടുകൂടിയുള്ള അൾത്താരയും വിശ്വാസികൾ നിൽക്കുന്ന സ്ഥലത്തു പൊക്കമില്ലാത്ത കൂരയും പൂമുഖവും ചേർന്നതാണ് ദേവാലയത്തിന്റെ വാസ്തുശില്പശൈലി. ദേവാലയങ്ങളിൽ കെട്ടുപുരയും ഊട്ടുപുരയും ആയുധപ്പുരയും ഉണ്ടായിരുന്നു. ദേവാലയത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൽവിളക്കും സ്ഥാപിച്ചിരുന്നു. മുന്നിൽ കൊടിമരവും കൽക്കുരിശും ഉണ്ടായിരുന്നു. കേരളീയമായ ഈ വാസ്തുശില്പശൈലിക്കു പോർട്ടുഗീസുകാരുടെ ആഗമനത്തോടെ മാറ്റം വന്നു. ദേവാലയങ്ങൾക്കു പടുകുറ്റൻ മുഖവാരവും അൾത്താരയും പ്രാർത്ഥനാശാലയും ഉണ്ടായി. അൾത്താരയിൽ കൊത്തുപണികൾ പ്രചാരത്തിലായി. ആധുനിക ദേവാലയങ്ങൾ ഇറ്റാലിയൻ, ഗോത്തിക് മാതൃകയിലാണ് നിർമ്മിച്ചു വരുന്നതെങ്കിലും ഓരോ കാലഘട്ടത്തിലെയും വാസ്തുശില്പ ശൈലിയിൽ നിന്നു വേണ്ടതു കടംകൊള്ളാൻ ശ്രദ്ധിക്കാറുണ്ട്.

ദേവാലയങ്ങളുടെ അങ്കണത്തിൽ കരിങ്കല്ലിൽ കൊത്തിയെടുത്ത വിളക്കുമാടങ്ങൾ ഉണ്ടായിരുന്നു. വിളക്കുകളിൽ എണ്ണയൊഴിച്ചു ദീപം തെളിക്കുന്ന പതിവ് ദേവാലയങ്ങളിൽ നടപ്പിലുണ്ടായിരുന്നു. ദേവാലയങ്ങളോടനുബന്ധിച്ച് സ്നാനഘട്ടങ്ങൾ ഉണ്ടായിരുന്നു. കൽപ്പടവുകൾ കെട്ടിയാണ് ഇവ സൂക്ഷിച്ചിരുന്നത്.

## UPASANA, STOTS financial campaign Inauguration

**H.G. Dr. Joseph Mar Dionysius gave a cheque to Fr. Dr. Bijesh Philip, Principal of St. Thomas Orthodox Seminary and inaugurated the financial campaign of the Upasana Centre under the auspices of Nagpur Seminary on November 5th, 2010 on the occasion of the 3rd remembrance of H.G. Stephanos Mar Theodosius at Bhilai. Upasana project includes a conference hall in the name of H.G. Stephanos Mar Theodosius, accommodation facilities, dining hall, etc. The total expense of the project will be around 1.4 crore rupees**



# കുടുംബ തകർച്ചയുടെ അടിവേരുകൾ



**ഫാ. ഡോ. ഒ.തോമസ്**

കുടുംബ ബന്ധങ്ങളുടെ തകർച്ച തടയുന്നത് മനഃശാസ്ത്രജ്ഞന്മാരുടെ ചുമതലയായിട്ടാണ് പലരും കണക്കാക്കുന്നത്. വ്യക്തിത്വ വൈകല്യങ്ങളും ദമ്പതികളിലെ വൈരുദ്ധ്യങ്ങളുമൊക്കെ ചൂണ്ടിക്കാട്ടുവാൻ മനഃശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞു എന്നു വരാം. എന്നാൽ പ്രശ്നങ്ങളുടെ അടിവേരുകൾ അവിടെയല്ല കിടക്കുന്നത്.

**മനഃശാസ്ത്ര പോരായ്മകൾ**

മനുഷ്യ മനസ്സുകളെ വിശകലനം ചെയ്യുവാൻ മനഃശാസ്ത്രത്തിന് കഴിവുണ്ടെങ്കിലും ജീവിതത്തിന് താത്വീകാടിസ്ഥാനം നൽകുവാൻ അതിനു കഴിവില്ല. ജീവിതം എന്താണ്? അതിന്റെ ലക്ഷ്യം എന്താണ്? മനുഷ്യൻ അത്യന്തികമായി എന്തായിരിക്കണം? എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ നൽകാൻ മതദർശനങ്ങൾക്കേ കഴിവുള്ളു. ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ജീവിതത്തിന് അർത്ഥം നൽകുന്നത് ദൈവശാസ്ത്രമാണ്. മലയാളത്തിലെ പ്രശസ്തമായ ഒരു എഴുത്തുകാരി കുടുംബ ജീവിതത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. പരമ്പരാഗത കുടുംബ സങ്കൽപ്പം സ്ത്രീയ്ക്ക് എന്നും അടിമത്തമേ നൽകിയിട്ടുള്ളു. അതിനാൽ അത്തരം ആജീവനാന്ത കുടുംബങ്ങൾക്കു പകരം ഒരുമിച്ചുള്ള താമസം മതിയെന്ന് അവരുടെ അഭിപ്രായം. പരസ്പരാഭിനിവേശം കുറയുമ്പോൾ വേർപിരിയുക. കുടുംബത്തെക്കുറിച്ച് ഈ അടിസ്ഥാനമാണ് ഉള്ളതെങ്കിൽ വേർപിരിയലിനെ കുടുംബ തകർച്ചയായി വ്യാഖ്യാനിക്കുവാനാവുമോ? സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ മിക്ക വക്താക്കളും കുടുംബ സ്ത്രീയെ അടിമയാക്കുന്ന സംവിധാനമായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഇതാണ് കുടുംബത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപ്പമെങ്കിൽ കുടുംബം തകർന്നു എന്ന് വിശേഷിപ്പിക്കാനിവില്ലല്ലോ.

**കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം**

ക്രൈസ്തവ വീക്ഷണത്തിൽ വിവിധ പാരമ്പര്യങ്ങളിൽ അൽപസ്വൽപ്പം വ്യത്യാസങ്ങൾ കാണപ്പെടുമെങ്കിലും പൊതുവായ ചില അടിസ്ഥാനങ്ങളുണ്ട്. കുടുംബം ദൈവീക സ്ഥാപനമാണ്. ദമ്പതികളെ ഒരുമിച്ചു ചേർക്കുന്നത് ദൈവമാണ്. വിശ്വാസി ദൈവീകരണത്തിലേക്കു വളരുന്നത് കുടുംബത്തിന്റെ കൂട്ടായ്മയിലാണ്. ദൈവരാജ്യത്തിന്റെ ചെറിയ പതിപ്പായി ക്രിസ്തീയമായ സാക്ഷ്യം നൽകുന്നത് കുടുംബത്തിന്റെ ധർമ്മമാണ്. കുടുംബത്തിലെ ലൈംഗീകത വിശുദ്ധിയും അതിലപ്പുറമുള്ളത് പാപവുമാണ്. മക്കളെ ദൈവീക ബന്ധത്തിൽ വളർത്തുക എന്നതാണ് മാതാപിതാക്കളുടെ പ്രാഥമിക ചുമതല. ഭാര്യാഭർതൃബന്ധം മരണത്താലല്ലാതെ വേർപിരിക്കരുത്. ദമ്പതികളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നത് സഭ, വിവാഹം എന്ന കൂദാശ വഴിയാണ്. വിവാഹത്തെക്കുറിച്ച് ഓർത്തഡോക്സ് സഭകൾ ഈ കാഴ്ചപ്പാട് വച്ചുപുലർത്തുന്നുമുണ്ട്. ഈ കാഴ്ചപ്പാടിനനുസരിച്ച് വിവാഹം നടക്കുകയും അതു തകരുകയും ചെയ്യുമ്പോൾ അതിനെ കുടുംബ തകർച്ചയെന്ന് വിശേഷിപ്പിക്കാം. നേരെമറിച്ച് ഇപ്രകാരം ദൈവീകമായ ലക്ഷ്യങ്ങളും അടിസ്ഥാനവുമൊന്നുമില്ലാതെ നൈസർഗ്ഗീകമായ വികാരം പൂർത്തീകരണത്തിനും മറ്റു പല മേഖലകളിലുമെന്ന പോലെ സാമൂഹ്യാനുഷ്ഠാനങ്ങളുടെ ഭാഗമായി കുടുംബത്തെ കാണുകയും ചെയ്യുമ്പോൾ അതിൽ വീഴ്ചകൾ അനിവാര്യമെന്നു മാത്രമല്ല അനുവദനീയവുമാണ്.

**തകർച്ചയുടെ അടിവേരുകൾ**

എല്ലാവരുടെയും പെരുമാറ്റങ്ങൾക്ക് അടിസ്ഥാനപരമായ ചില മൂല്യബോധങ്ങൾ ഉണ്ടായിരിക്കും. ഒരു കാലത്ത് ഈ മൂല്യബോധം നൽകിയിരുന്നത് മതങ്ങളാണ്. മതങ്ങളിൽ തന്നെ സാധാരണ മനുഷ്യനെ സ്വാധീനിച്ചിരുന്നത് ആചാരാനുഷ്ഠാനങ്ങളാണ്. അവയുടെ അർത്ഥം മനസ്സിലാക്കുന്നതിൽ കൂടി മതത്തിന്റെ സത്തയിലേക്ക് പ്രവേശിക്കുവാൻ പലർക്കും സാധിച്ചിരുന്നു. എന്നാൽ മറ്റു ചിലർക്ക് ആചാരാനുഷ്ഠാനങ്ങൾ അതിൽ തന്നെ ഒരന്ത്യമായിരുന്നു. അതിന്റെ ആന്തരീകാർത്ഥത്തിലേക്ക് കടക്കുവാൻ പലർക്കും സാധ്യമായിരുന്നില്ല. അതുപോലെ മതം മനുഷ്യ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളേയും നിയന്ത്രിക്കുവാൻ തുടങ്ങിയപ്പോൾ, മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തിനും അത് കിഞ്ഞാണിട്ടു. അധികാര വർഗ്ഗത്തിന്റെ ചിന്ത മതത്തിന്റെ പൊതുവായ അടിസ്ഥാനമായും പരിഗണിക്കപ്പെട്ടു. ശാസ്ത്രം, കല, സാഹിത്യം തുടങ്ങിയ മനുഷ്യന്റെ അഭിരുചികളോട് ബന്ധപ്പെട്ട എല്ലാ മേഖലകളും നിയന്ത്രിക്കുന്ന വിധത്തിൽ മതം ശക്തമായപ്പോൾ അതിനോട് എതിർക്കുവാനുള്ള താല്പര്യം വർദ്ധിച്ചുവന്നു. കൂട്ടത്തിൽ മതത്തിന്റെ പേരിലുള്ള തിന്മകളും കൂടിയായപ്പോൾ മതപരമായതെല്ലാം തിന്മയായും വ്യാഖ്യാനിക്കപ്പെട്ടു. നന്മയോടു ബന്ധപ്പെട്ടതെല്ലാം മതത്തിന് ബാഹ്യമായതിനാലാണ് അവ സ്വീകാര്യമെന്ന് പാശ്ചാത്യ ലോകത്തിലെ ബുദ്ധിജീവികൾ പലരും അഭിപ്രായപ്പെട്ടു. അങ്ങനെ മതത്തിൽ നിന്ന് അന്യമായ ഒരു സംസ്ക്കാരം ഉടലെടുത്തു - സെക്കുലർ സംസ്ക്കാരം. മുമ്പ് മതം മനുഷ്യനെ ഏതു വിധത്തിലെല്ലാം സ്വാധീനിച്ചുവോ അതുപോലെ സെക്കുലർ സംസ്ക്കാരം വ്യക്തിയുടെ മൂല്യബോധത്തെയും സ്വാധീനിച്ചു.

മതത്തിന്റെ പേരിലുള്ള തിന്മകളോട് എതിരിടുവാനും വിവിധ മതങ്ങൾ ഒന്ന് മറ്റൊന്നിനോട് പോരാടാതെ എല്ലാവരും ഒരുമിച്ച് സഹവർത്തിത്വത്തിൽ ജീവിക്കുവാൻ പഠിക്കേണ്ടതാണെന്നുമുള്ള മൂല്യങ്ങളൊക്കെ സെക്കുലറിസത്തിന്റെ നല്ലവശങ്ങളാണ്. മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തിൽ കടിഞ്ഞാൺ ഇടാത്തതുകൊണ്ട് സമസ്ത മേഖലകളിലും പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക വിദ്യകളിൽ മനുഷ്യന് അത്ഭുതപൂർവ്വമായ വളർച്ചയും സാദ്ധ്യമായി. ഇതെല്ലാം ആത്യന്തികമായി മനുഷ്യന് നന്മയുണ്ടാക്കുമോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. സെക്കുലർ സംസ്ക്കാരം കുടുംബ ബന്ധങ്ങളെ എങ്ങനെ സ്വാധീനിച്ചു എന്ന് പരിശോധിക്കാം.

**സെക്കുലർ സംസ്ക്കാരം**: കുടുംബത്തിന്റെ ദൈവിക പരിവേഷത്തെ പരിമിതപ്പെടുത്തി പരമ്പരാഗത സമൂഹങ്ങളിൽ കുടുംബം ദൈവീക സൃഷ്ടിയാണെന്നു കൂടെകൂടെ പറയാറുണ്ടെങ്കിലും അതിന് പ്രായോഗികതയിൽ വലിയ അർത്ഥമൊന്നും ആരും കൽപ്പിക്കുന്നില്ല. ദൈവം യോജിപ്പിക്കുന്നു എന്ന ഘടകത്തെ പൊതുവേ മനുഷ്യൻ മനസ്സിലാക്കുന്നത് എങ്ങനെയെന്നു നോക്കാം. പങ്കാളിയെക്കുറിച്ച് എല്ലാവർക്കും ഭൗതികമായ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി പല ആഗ്രഹങ്ങളും പ്രതീക്ഷകളും ഉണ്ടാവാം. അവ നിറവേറ്റപ്പെടുമ്പോൾ ദൈവം കൂട്ടിച്ചേർക്കുന്ന ഒരു നിഗമനത്തിലെത്തിച്ചേരുന്നു എന്നല്ലാതെ ദൈവം കൂട്ടിച്ചേർക്കുന്ന പങ്കാളിത്തത്തിന്റെ സവിശേഷതകളെ ഭൗതികമായി അളക്കാവുന്നതിൽ നിന്ന് അടർത്തിമാറ്റി മനസ്സിലാക്കാനുള്ള കഴിവ് ഇന്ന് പൊതുവേ നഷ്ടമായിട്ടുണ്ട്.

**സെക്കുലറിസം**: ആത്മീയതയുടെ ഉൾക്കാമ്പിനെ കെടുത്തിക്കളഞ്ഞു. മതങ്ങൾ പൊതുവെയും വ്യക്തിയുടെ ജീവിതത്തെ കാണുന്നത് സമൂഹവുമായുള്ള ബന്ധത്തിലാണ്. മറ്റുള്ളവയ്ക്കുവേണ്ടി ജീവിക്കുന്നവയിലൂടെയാണ് വ്യക്തി ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നത്. ബോൺ ഹോഫർ യേശുക്രിസ്തുവിനെ വിശേഷിപ്പിച്ചത് The man of others എന്നാണല്ലോ. മതത്തിന്റെ ഈ സത്ത വിശ്വാസികൾ എല്ലാകാലത്തും അനുഷ്ഠിച്ചിരുന്നു എന്നർത്ഥമില്ല. എന്നാൽ സ്വയം കേന്ദ്രീകൃതമായി എനിക്കുവേണ്ടി മറ്റുള്ളവർ ജീവിക്കണം എന്ന സ്വാർത്ഥതയുടെ പ്രമാണത്തിന് സെക്കുലർ സംസ്ക്കാരം അംഗീകാരം കൊടുത്തുകഴിഞ്ഞു. ഒരു കുടുംബം ഐക്യത്തിൽ നിലകൊള്ളണമെങ്കിൽ മറ്റുള്ളവർക്ക് വേണ്ടി ഞാൻ എന്ന പ്രമാണം അംഗീകരിച്ചേ സാദ്ധ്യമാവൂ. എനിക്കുവേണ്ടി മറ്റുള്ളവർ എന്ന പ്രമാണം ശിഥിലീകരണത്തിലേക്ക് നയിക്കുകയുള്ളു. കുടുംബ തകർച്ചയുടെ മറ്റൊരു കാരണം ഇതാണ്.

**മൂല്യങ്ങളുടെ മറിച്ചിടൽ**: മൂല്യച്യുതി എല്ലാക്കാലത്തുമുണ്ടായിരുന്നെങ്കിലും നന്മ, തിന്മ എന്നിവയുടെ വിവേചനത്തെക്കുറിച്ച് ഏറെക്കുറെ പൊതുവായ ചില ധാരണകളുണ്ടായിരുന്നു. ഇന്ന് അത് തകിടം മറിഞ്ഞിരിക്കുകയാണ്. സെക്കുലർ സംസ്ക്കാരത്തിലെ മാദ്ധ്യമങ്ങൾ പ്രത്യേകിച്ചും യുവമനസ്സുകളിൽ അനാവശ്യമായിട്ടുള്ളതും അപ്പോഴപ്പോഴത്തെ സാഹചര്യത്തിനനുസരിച്ച് സ്ത്രീ പുരുഷ ബന്ധം ക്രമപ്പെടുത്തുന്നതും സ്വഭാവികമായിട്ടുള്ളതും ശരിയായിട്ടുള്ളതുമാണെന്ന തോന്നലാണ് ഇന്ന് യുവജനങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നത്. പ്രയാസങ്ങളേയും പ്രതിസന്ധികളെയും ദൈവാശ്രയബോധത്തോടെ അതിജീവിച്ച് ദീർഘകാലം ഒരു കുടുംബ ബന്ധം നിലനിൽക്കുന്നതിനെ യുവജനങ്ങളുടെ ഭാവനയിലെങ്കിലും സൃഷ്ടിച്ചെടുക്കുവാൻ ഇന്ന് മാദ്ധ്യമങ്ങൾക്ക് കഴിയുന്നില്ല. പരമ്പരാഗത മൂല്യങ്ങളിലെ വിള്ളൽ അല്ലാതെ, തന്മയെ ഒന്നും എടുത്തുകാട്ടുവാൻ മാദ്ധ്യമങ്ങൾക്കു കഴിയാത്തതുമൂലം പഴയതിനോടെല്ലാം ഒരവിശ്വാസവും പുതിയതിനോട് അന്ധമായ ആവേശവും വളരുന്ന തലമുറയിൽ ഉണ്ടായിട്ടുണ്ട്. കെട്ടുറപ്പുള്ള കുടുംബ ബന്ധങ്ങൾ സ്ഥാപിക്കാൻ പാകത്തിലല്ല മാദ്ധ്യമങ്ങൾ ഇന്ന് യൗവനക്കാരിൽ മൂല്യബോധം സൃഷ്ടിച്ചിരിക്കുന്നത്.

ദുഃഖങ്ങളില്ലാത്ത ലോകത്തെക്കുറിച്ചുള്ള മിഥ്യാബോധം

ജീവിതം സുഖദുഃഖ സമ്മിശ്രമാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ സെക്കുലർ ലോകം മടിക്കുന്നു. മനുഷ്യന് മാറ്റാൻ കഴിയാത്തയാതൊന്നും ഇല്ലെന്നും എപ്പോഴും സുഖം ആസ്വദിക്കുവാൻ ഉപാധികൾ ലോകത്തിന്റെ മുമ്പിൽ തന്നെയുണ്ടെന്നുമാണ് സെക്കുലർ ലോകത്തിന്റെ നിലപാട്. പ്രത്യേകിച്ചും ഭൗതിക വസ്തുക്കൾ എല്ലാവർക്കും ആവശ്യത്തിനു ലഭ്യമായാൽ ദുഃഖം എന്ന യാഥാർത്ഥ്യമേ അഭിമുഖീകരിക്കേണ്ട എന്ന വിധത്തിലാണ് ലോകത്തിന്റെ പോക്ക്. പിന്നെ ദുഃഖങ്ങൾ ഉണ്ടാകുന്നത് ബന്ധങ്ങൾ ഉണ്ടാക്കുന്ന ബന്ധങ്ങളാണ് എന്ന ചിന്തയും അനേകരെ സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ ഭൗതിക വസ്തുക്കൾ ആവശ്യത്തിന് കരുതുകയും ബന്ധങ്ങൾ ഉണ്ടാക്കുന്ന ബന്ധങ്ങളിൽ നിന്ന് വ്യക്തിസ്വാതന്ത്രമാകുകയും ചെയ്താൽ അത് നന്നായിരിക്കും എന്ന ചിന്തയും അനേകരെ ഭരിച്ചു തുടങ്ങി. ചിലർക്ക് പങ്കാളിതന്നെ ഭൗതീക വസ്തുക്കൾ സ്നേഹിക്കപ്പെടുകയും, വ്യക്തികൾ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ഉപഭോഗ സംസ്ക്കാരത്തിന്റെ ഈ മൂല്യബോധം സ്ഥായിയായ വ്യക്തിബന്ധം സൃഷ്ടിക്കുന്നതിൽ നിന്ന് എപ്പോഴും

വ്യക്തികളെ തടയുന്നു. അങ്ങനെ കുടുംബ ബന്ധങ്ങളേയും അത് ശിഥിലീകരിക്കുന്നു. സുഖം പങ്കിടുവാൻ തയ്യാറാകാത്തതു പോലെ ദുഃഖവും പങ്കിടാൻ വിസമ്മതിക്കുന്ന ആധുനിക മനുഷ്യൻ ഒറ്റപ്പെട്ട തന്തുക്കളെപ്പോലെ കഴിയുവാൻ ഇഷ്ടപ്പെടുന്നു. ഇവിടെയും കുടുംബ ബന്ധങ്ങൾ സൃഷ്ടിച്ചെടുക്കുവാൻ പ്രയാസമാണ്.

ചുരുക്കത്തിൽ കുടുംബ പ്രശ്നങ്ങളുടെ അടിവേരുകൾ മനുഷ്യ മനസ്സുകളിൽ മാത്രമല്ല, മനസ്സുകളെ രൂപപ്പെടുത്തുന്ന സംസ്ക്കാരത്തിലാണ് കിടക്കുന്നത്. മതവും ആത്മീയതയും സംസ്ക്കാരത്തിന്റെ ഒരു ഘടകമേ ആവുന്നുള്ളു. ആധുനിക മനുഷ്യനിൽ മതത്തിന്റെ സ്വാധീനം വളരെ പരിമിതമാണ്. വിശ്വാസികളിൽ പോലും മതം ചില അനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിൽക്കുകയല്ലാതെ ആഴത്തിൽ വേരുകൾ ഒന്നുമില്ല. അതിന്റെ മൂല്യങ്ങളും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ പാരമ്പര്യാധിഷ്ഠിതമായ കുടുംബ ബന്ധങ്ങൾക്ക് നിലനിൽക്കുവാൻ വളരെ പ്രയാസമാവും. അത്തരം കുടുംബങ്ങൾ നിലനിൽക്കണമെന്ന ആഗ്രഹം കൂടിയില്ലാതെ വരുമ്പോൾ കുടുംബ തകർച്ച പൂർണ്ണമാവും. പൂർണ്ണ തകർച്ച കഴിയുമ്പോൾ പഴയതിന്റെ മേന്മ ദർശിച്ച് മടങ്ങിപ്പോവുമായിരിക്കാം. അല്ലാതെ പകുതി വഴിക്കുവെച്ച് തിരിച്ച് പോകുവാൻ സാധിക്കുമോ എന്നറിയാൻ കുറച്ചുനാൾകൂടി കാത്തിരിക്കേണ്ടിയിരിക്കുന്നു.

നന്മയും തിന്മയും അല്ലെങ്കിൽ തെറ്റും ശരിയും അല്ലെങ്കിൽ നല്ലസ്വഭാവവും ചീത്ത സ്വഭാവവുമുള്ള യാക്കോബിന്റെ 12 മക്കളിൽ കാണുന്ന സ്വഭാവം നമ്മൾ എല്ലാവരും കാണിക്കുന്നുണ്ടോ എന്ന് നമ്മൾ സ്വയം പരിശോധന കഴിക്കേണ്ടതാണ്. നമ്മൾ വെള്ളം പോലെ അല്ലെങ്കിൽ സ്നേഹം പോലെ തുളുമ്പുന്നവർ ആണെങ്കിലും ദൈവത്തിന്റെ മുമ്പിൽ നമ്മൾ ബലഹീന മനുഷ്യൻ ആണ്. രൂബേൽ ശ്രേഷ്ഠനാവുകയില്ല എന്നത് പോലെയാണ് നമുക്ക് എല്ലാം ഉണ്ടെങ്കിലും എല്ലാവരും ഉണ്ടെങ്കിലും നാം ബലഹീന മനുഷ്യൻ ആണ്. ശിമയോന്റെയും ലേവിയുടെയും രോധം അതിക്രമം. അതുപോലെയാണ് നമ്മൾ എല്ലാവരും നമ്മുടെ കോപം അതിക്രൂരമാണ്. എന്ത് പറയുന്നു എന്ത് പ്രവർത്തിക്കുന്നതും എന്ന് ചിന്തിക്കാതെ കോപം നമ്മെ നാശത്തിലേക്ക് നയിക്കുന്നു. കോപം ഒരു മനുഷ്യനെ തകർക്കുന്നു. മരണകരമായ ഏഴു പാപങ്ങളിൽ ഒന്ന് കോപം. യെഹൂദയെ സഹോദരന്മാർ കീർത്തിക്കുന്നു. കാരണം അവൻ അനുതപിച്ചു അവൻ പശ്ചാത്തപിച്ചു കണ്ണുനീർ ഒഴുകി. യൂദ ദൈവത്തെ മുപ്പത് വെള്ളിക്കാശിനു ഒറ്റിക്കൊടുത്തു. അവൻ അനുതപിച്ചു തൂങ്ങി മരിച്ചു. നമ്മുടെ ജീവിതത്തിലും അനുതാപം ഉണ്ടെങ്കിൽ മാത്രമേ നാം ജീവിതത്തിൽ ഉയർച്ച നേടുകയുള്ളു. സെബൂലുൺ കടൽക്കരയിൽ പാർക്കും അയാൾ കപ്പലുകൾക്ക് താവളം ആയിത്തീർന്നപോലെ നമ്മൾ ഓരോരുത്തരും നാടിനും സമൂഹത്തിനും സാധുക്കൾക്കും ഒരു തുണയായി തീരണം. ദാൻ സ്വന്തജനത്തെ വീക്ഷിക്കും. നാം ആരെയും വിധിക്കരുത്. അതിന് സർവ്വശക്തനായ ദൈവത്തിന് മാത്രമേ അവകാശം ഉള്ളു. ഗാദോയെപ്പോലെ നമ്മുടെ വരുവാനുള്ള തലമുറയെ ഞെരുക്കരുത്. വരുവാനുള്ള തലമുറയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കണം. മറ്റുള്ളവർക്ക് ഒരു നേരത്തെ ആഹാരം നാം നൽകണം. അതിന് നാം തയ്യാറാകണം. ആശേരിനെപ്പോലെ നല്ല ഭക്ഷണം നൽക്കുന്നവൻ ആയിരിക്കണം. വിശക്കുന്ന വയറിനെ കണ്ടില്ല എന്ന് നടിക്കരുത്. നഫ്താലി സ്വതന്ത്രമായി നടക്കുന്ന പേടമാൻ ആയിരുന്നു. നമ്മുടെ കാര്യം മാത്രം നോക്കാതെ മറ്റുള്ളവരുടെ കാര്യത്തിലും നാം ശ്രദ്ധവയ്ക്കണം. അവർക്ക് വേണ്ട സഹായം നൽകണം. യോസഫിനെപ്പോലെ നല്ല മനുഷ്യനായി ഭവിക്കാൻ ശ്രമിക്കുക. നീതിമാനായിരുന്ന യോസഫ് ഫലപ്രദമായ ഒരു വൃക്ഷം ആയിരുന്നു. പ്രഭാതത്തിന്റെ താക്കോലും രാത്രിയുടെ സാക്ഷ്യവുമായിരുന്നു. നല്ല മനുഷ്യർ അതുപോലെ ആയിതീരുക. ബെന്യാമിനെപ്പോലെ ദുഷ്ടചെന്നായി ആയി തീരാതെ നാം ശ്രദ്ധിക്കണം. അതിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# തീർത്ഥാടകന്റെ നിയോഗം



ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

തീർത്ഥാടകൻ തീർത്ഥത്തിൽ ആടനം ചെയ്യുവാൻ പരിശുദ്ധ ജലത്തിൽ കുളിച്ചു ശുദ്ധനാകുവാൻ വരുന്നവനാണ്. അവന്റെ ലക്ഷ്യം ആ തീർത്ഥം മാത്രമാണ്. പരുമലയിൽ അത്തരമൊരു തീർത്ഥമുണ്ട്, പരി. പരുമലത്തിരുമേനി. യേശു ഒരിക്കൽ പറഞ്ഞു. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജല നദി പുറപ്പെടുമെന്ന്. അത്തരത്തിൽ ജീവജലനദി ഉള്ളിൽ പൊട്ടിപ്പുറപ്പെട്ട പരിശുദ്ധനാണ് പരുമലതിരുമേനി. ആ പരിശുദ്ധ തീർത്ഥത്തിൽ മുങ്ങി പാപനാശം ഭവിച്ചു മടങ്ങുവാനാണ് നാം പരുമലയിലേക്ക് യാത്ര ചെയ്യുന്നത്.

ഈ യാത്ര സാധാരണ യാത്രയല്ല സാധാരണ യാത്രയുടെ അന്ത്യത്തിൽ നാം ക്ഷീണിതരും അവശരുമാകയാണ് പതിവ്. ഇത് അസാധാരണയാത്രയാണ് ഇത് തീർത്ഥാടനമാണ്. തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ യാത്രികന് ഉന്മേഷവും ഊർജ്ജവും തുടർയാത്രയ്ക്കുള്ള ശക്തിയുമാണ് ലഭിക്കുക. യേശുകുഞ്ഞിനെ കണ്ടു വണങ്ങിയ വിദ്വാന്മാർ വേറെ വഴിയെ മറുയാത്രയായതുപേലെ നമ്മുടെയും തുടർയാത്ര പുതിയ പന്ഥാവിലൂടെയാണ്. ഇനി ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കുകയോ പാപികളുടെ വഴിയിൽ നിൽക്കുകയോ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുകയോ ചെയ്യില്ല.

പരിശുദ്ധന്റെ കബറിങ്കൽ കണ്ണീർ തൂകി നിന്ന് നാം അദ്ദേഹത്തോടെ അപേക്ഷിക്കുകയാണ്, നാം തൂകുന്ന കണ്ണുനീർ കർത്താവിങ്കലെത്തിച്ച് സമാധാനത്തിന്റെയും ശാന്തിയുടെയും ഐശ്വര്യത്തിന്റെയും സൈത്തില തിരികെ കൊണ്ടുവരണമെന്ന് വി.കുർബ്ബാനയുടെ അന്ത്യത്തിൽ പുരോഹിതൻ ജനത്തെ ആശീർവദിക്കുമ്പോൾ ഇപ്രകാരം പറയുന്നുണ്ട്. നിങ്ങൾ സ്വീകരിച്ച വഴിയാഹാരത്തോടെ സമാധാനത്താലെ പോകുവിൻ നാം പരുമലയാകുന്ന മലയിറങ്ങുന്നതും ഇത്തരമൊരു ആഹാരപൊതിയുമായാണ്. അത് തുടർ യാത്രയിൽ ജീവൻ ശക്തി പകരുന്ന കൃപയുടെ പൊതിക്കെട്ടാണ്. ഈ പൊതിക്കെട്ട് സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നവനും അത് തുടർന്ന് ഭക്ഷിക്കുന്നവനും തുടർ യാത്രയിൽ ശക്തി ലഭിക്കും.

ചിപ്പി തന്റെ ഉള്ളിൽ മണലിന്റെ ചെറുതരിസ്വീകരിച്ച് കടലിന്റെ അടിയിൽ തപസിരിക്കുന്നതുപെലെയാണ് തീർത്ഥാടകൻ. യാത്രകയിഞ്ഞു മടങ്ങുമ്പോൾ അവന്റെ ഉള്ളിൽ അവൻ സ്വീകരിച്ചിരിക്കുന്ന പ്രകാശത്തിന്റെയും വിശുദ്ധിയുടെയും ചെറുതരികൾ തപസിലൂടെയും ധ്യാനത്തിലൂടെയും മുത്തുകളാക്കി രൂപാന്തരപ്പെടുത്തുമെന്ന പ്രതിജ്ഞയാണ് ഒരോരുത്തരും എടുക്കുന്നത് അങ്ങനെയുള്ള മുത്തുകളെ ഇനിചവിട്ടികളയുവാൻ പന്നികളുടെ മുമ്പാകെ അവനിടില്ല. അവന്റെ ഉള്ളിലും ജീവജലനദി പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും പുറപ്പെടുന്നതീർത്ഥം ഇനിമുതൽ അനേകരെ സാന്ത്വനിപ്പിക്കുന്നതാക്കും. അനേകരെ വിശുദ്ധികരിക്കുന്നതാക്കും. അങ്ങനെ ലോകത്തിന്റെ വിശുദ്ധികരണ പ്രക്രിയയിൽ അവൻ പങ്കാളിയാകും ഇതുതന്നെയാണ് തീർത്ഥാടകന്റെ വിളിയും നിയോഗവും.

## പ. കാതോലിക്കാ ബാവായ്ക്ക് പുതുപ്പള്ളി പള്ളിയിൽ സ്വീകരണം

പുതുപ്പള്ളി: മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനു പുതുപ്പള്ളിയിൽ സ്നേഹനിർഭര സ്വീകരണം. പൗരസ്ത്യ ജോർജിയൻ തീർഥാടന കേന്ദ്രമായ പുതുപ്പള്ളി വലിയ പള്ളിയു ടെയും പൗരാവലിയുടെയും ആഭിമുഖ്യത്തിലാണു സ്വീകരണമൊരുക്കിയത്.

വൈകുന്നേരം നാലിന് ദേവലോകം അരമനയിൽനിന്നു നൂറുകണക്കിനു വാഹനങ്ങളുടെ അകമ്പടിയോടെ ഘോഷയാത്രയായി ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായെയും മെത്രാപ്പോലീത്താമാരേയും പുതുപ്പള്ളി കവലയിൽ എത്തിച്ചു. പൗരാവലിയുടെയും വിവിധ രാഷ്ട്രീയ സാമുദായിക സാമൂഹിക സംഘടനകളുടെ സ്വീകരണത്തിനുശേഷം കുരിശടിയിൽ ധൂപപ്രാർഥന നടത്തി. പ. ബാവാ തിരുമേനിയേയും മെത്രാപ്പോലീത്താമാരേയും ഹംസരഥത്തിൽ ഏറ്റി പള്ളിയിലേക്കു ഘോഷയാത്രയായി സ്വീകരിച്ച് ആനയിച്ചു. പള്ളിയിൽ ധൂപപ്രാർഥനയ്ക്കുശേഷം സ്വീകരണയോഗം കൽദായ സഭ പരമാധ്യക്ഷൻ ബിഷപ്പ് അപ്രേം മാർ അപ്രേം ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, ശ്രീരാമകൃഷ്ണമഠാധിപതി സ്വാമി ഗോലോകാനന്ദജി മഹാരാജ്, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ജോസ് കെ. മാണി എം.പി, ജില്ലാ കലക്ടർ മിനി ആന്റണി, ജോസഫ് എം. പുതുശേരി എം.എൽ.എ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, വികാരി ഫാ. തോമസ് ഏബ്രഹാം, സെക്രട്ടറി ജിനു കെ. പോൾ എന്നിവർ പ്രസംഗിച്ചു. ഇടവകയുടെ ഉപഹാരം ട്രസ്റ്റി പ.ബാവായ്ക്ക് സമർപ്പിച്ചു.

അധികാരവും ശുശ്രൂഷയും പരസ്പര വിരുദ്ധങ്ങളാണ്. ഇവ സമന്വയിപ്പിക്കുകയാണ് ഒരു മേൽപ്പട്ടക്കാരന്റെ കടമയെന്ന് മറുപടി പ്രസംഗത്തിൽ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. സമീപ ഇടവകകളിൽ നിന്നുള്ളവരും വിവിധ സംഘടനകളും ഹാരാർപ്പണം നടത്തി. ബാവ പള്ളിയിൽ എത്തിയപ്പോൾ 21 ആചാരവെടി മുഴക്കി 21ാം മലങ്കര മെത്രാപ്പോലീത്തായെ സ്വീകരിച്ചു.